# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പത്തൊമ്പതാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം ..3.. -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021) യുടെ പത്താമത് റിപ്പോർട്ടിന്മേലുള്ള (2018 ജനുവരി 1 മുതൽ 2018 ഡിസംബർ 31 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച ജനറൽ റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

## പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പത്തൊമ്പതാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം...3.. -ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021) യുടെ പത്താമത് റിപ്പോർട്ടിന്മേലുള്ള (2018 ജനുവരി 1 മുതൽ 2018 ഡിസംബർ 31 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച ജനറൽ റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| ഭാഗം I ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | |
| ഭാഗം II സർക്കാരിൽ നിന്നും അനന്തര നടപടി റിപ്പോർട്ട് ലഭിക്കാത്ത ശിപാർശകൾ/അധികവിവരങ്ങൾ | .. | |
| അനുബന്ധം I | .. | |
| അനുബന്ധം II | .. | |

## സമിതിയുടെ ഘടന

ചെയർപേഴ്സൺ :

ശ്രീമതി യു. പ്രതിഭ

അംഗങ്ങൾ :

ശ്രീമതി ഒ.എസ്. അംബിക

ശ്രീമതി സി.കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല*

ഡോ. എം.കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി ഉമ തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ.ജി., അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഷിഹാബുദീൻ.എം., അണ്ടർ സെക്രട്ടറി

ശ്രീമതി  ബിന്ദു എസ്., അണ്ടർ സെക്രട്ടറി

*2025 നവംബർ മാസം 29-ാം തീയതി അന്തരിച്ചു.

## ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-26)യുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021) യുടെ പത്താമത് റിപ്പോർട്ട് (2018 ജനുവരി 1 മുതൽ 2018 ഡിസംബർ 31 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച ജനറൽ റിപ്പോർട്ട്) 2019 ജൂലൈ 2-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ജനുവരി മാസം 29-ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

**യു. പ്രതിഭ,**
ചെയർപേഴ്സൺ ,
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2026 ഫെബ്രുവരി...3...

# റിപ്പോർട്ട്

പതിനാലാം കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019–2021) യുടെ പത്താമത് റിപ്പോർട്ട് (2018 ജനുവരി 1 മുതൽ 2018 ഡിസംബർ 31 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച ജനറൽ റിപ്പോർട്ട്) 2019 ജൂലൈ 2–ാം തീയതി സഭയിൽ സമർപ്പിച്ചു.

സമിതിയ്ക്ക് ലഭിച്ച പരാതികളുടെയും സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ 28 ശിപാർശകൾ ഉണ്ടായിരുന്നു. പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പത്താമത് റിപ്പോർട്ടിന്റെ പകർപ്പുകൾ 28.11.2019– ന് വിവിധ വകുപ്പുകളിലേയ്ക്ക് അയച്ചുകൊടുത്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്ന ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി (2019–2021)– യുടെ പത്താമത് റിപ്പോർട്ടിലെ ശിപാർശകളും, അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികളും ഉൾപ്പെടുത്തിയിരിക്കുന്നു.

രണ്ടാം ഭാഗത്തിൽ സമിതി ശിപാർശകളിന്മേലും സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളിന്മേലും സർക്കാരിൽ നിന്ന് നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തവയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ശിപാർശകളിന്മേലും അധിക വിവരങ്ങളിന്മേലുമുള്ള നടപടി റിപ്പോർട്ടുകൾ ബന്ധപ്പെട്ട വകുപ്പുകൾ രണ്ടുമാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി കർശന നിർദ്ദേശം നൽകുന്നു.

വിവിധ വകുപ്പുകളിൽ നിന്നും റിപ്പോർട്ടിനൊപ്പം ലഭ്യമായിട്ടുള്ള രേഖകൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## ഭാഗം – I

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

| ക്രമ നം. | ഖണ്ഡിക. നം. | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 14 | പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ അർഹിക്കുന്ന ഗൗരവത്തോടെ കാണണമെന്നും പരാതി സംബന്ധിക്കുന്ന റിപ്പോർട്ട്, സമിതി ആവശ്യപ്പെടുന്ന അധികവിവരം എന്നിവ നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ ലഭ്യമാക്കണമെന്നും, ഇക്കാര്യങ്ങളിൽ വീഴ്ച വരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ഇതിനായി ചീഫ് സെക്രട്ടറി തലത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തണമെന്നും ഈ ആവശ്യത്തിലേയ്ക്കായി വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **<u>പാർലമെന്ററി കാര്യ(ബി) വകുപ്പ് 15.03.2024-ലെ പാ.കാ.വ.ബി1/12/2020-പാ.കാ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>സമിതി നിർദ്ദേശം കർശനമായി പാലിക്കുന്നതിനായി ചീഫ് സെക്രട്ടറിതലത്തിൽ 17.02.2020 തീയതിയായുള്ള കുറിപ്പ് പുറപ്പെടുവിക്കുകയും ആയത് സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കുറിപ്പിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം-I)<br>**(22.05.2024-ലെ സമിതി യോഗം അംഗീകരിച്ചു)** |
| 2 | 15 | സ്ത്രീകളുടെ സ്വകാര്യതയ്ക്കും അന്തസ്സിനും നിരക്കാത്ത വിധത്തിലുള്ള ഫോട്ടോകൾ, വീഡിയോകൾ എന്നിവ കൈവശം സൂക്ഷിക്കുന്നത് ഗൗരവമേറിയ കുറ്റകൃത്യമായി കാണേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഫേസ് ബുക്ക് വഴിയും മറ്റ് സോഷ്യൽ മീഡിയകൾ വഴിയും സ്ത്രീകളുടെ അശ്ലീല ചിത്രങ്ങളും മറ്റും പ്രചരിപ്പിക്കുന്നുണ്ടെന്നും ഇതുമൂലം കുടുംബജീവിതം തകരുന്ന അവസ്ഥയാണെന്നും കാണിച്ചുള്ള | **<u>ആഭ്യന്തര (ജി) വകുപ്പ് 22.09.2020-ലെ ജി3/1122/2019 ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>സ്ത്രീകളുടെ സ്വകാര്യതയ്ക്കും അന്തസ്സിനും നിരക്കാത്ത വിധത്തിലുള്ള ഫോട്ടോകൾ, വീഡിയോകൾ എന്നിവ കൈവശം സൂക്ഷിക്കുന്നതും, ആയത് സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുന്നതുമായ പരാതികൾ ലഭ്യമായാൽ ആവശ്യമെങ്കിൽ സൈബർ സെല്ലിന്റെയും മറ്റും സഹായത്തോടെ ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കുറ്റവാളികളെ കണ്ടെത്തുന്നതിനും, |

| | | | |
|---|---|---|---|
| | | പരാതികൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടവയാണ്.<br>പോലീസിന്റെ ഭാഗത്തുനിന്നുള്ള ശക്തമായ ഇടപെടലുകൾ ഇത്തരം കേസുകൾ ഒരു പരിധിവരെ കുറയ്ക്കാൻ സഹായകമാകുമെന്ന് സമിതി കരുതുന്നു. ജില്ലാ സൈബർ സെല്ലുകളിലും സംസ്ഥാന സൈബർ സെല്ലുകളിലും സ്ത്രീകൾ നൽകുന്ന ഇത്തരം പരാതികളിന്മേൽ അടിയന്തര നടപടി സ്വീകരിക്കണമെന്നും ആധുനിക സാങ്കേതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ<br>ത്വരിതപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. | ബന്ധപ്പെട്ട സെക്ഷൻ ചേർത്ത് FIR രജിസ്റ്റർ ചെയ്ത്, അതിന്റെ ഗൗരവം അനുസരിച്ച് FIR ൽ IPC സെക്ഷനും IT ആക്ടും ഉൾപ്പെടുത്തി അന്വേഷണം നടത്തുന്നതിനും പ്രതികളെ കണ്ടെത്തി, തെളിവുകൾ ശേഖരിച്ച് ആയത് വിശദമായ പരിശോധനയ്ക്കായി ഫോറൻസിക് ലാബിലേക്ക് അയച്ച് പരിശോധന നടത്തി പ്രതിയ്ക്ക് ശിക്ഷ ലഭിക്കത്തക്ക വിധം സമയബന്ധിതമായി ചാർജ്ജ് ഷീറ്റ് ബഹു. കോടതികളിൽ സമർപ്പിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇക്കാര്യത്തിൽ എല്ലാ SHO മാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും, അപ്രകാരം നടന്നുവരുന്നതുമാണ്.<br>**(17.09.2021-ലെ സമിതി യോഗം അംഗീകരിച്ചു)**<br>**ആഭ്യന്തര (ജി) വകുപ്പ്**<br>**28.12.2023-ലെ ജി3/216/2020 ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്**<br>സ്ത്രീകളുടെ സ്വകാര്യതയ്ക്കും അന്തസ്സിനും നിരക്കാത്ത വിധത്തിലുള്ള ഫോട്ടോകൾ, വീഡിയോകൾ എന്നിവ കൈവശം സൂക്ഷിക്കുന്നതും, ആയത് സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുന്നതുമായ പരാതികൾ ലഭ്യമായാൽ ആവശ്യമെങ്കിൽ സൈബർ സെല്ലിന്റെയും മറ്റും സഹായത്തോടെ ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കുറ്റവാളികളെ കണ്ടെത്തുന്നതിനും, ബന്ധപ്പെട്ട സെക്ഷൻ ചേർത്ത് FIR രജിസ്റ്റർ ചെയ്ത്, അതിന്റെ ഗൗരവം അനുസരിച്ച് FIR ൽ IPC സെക്ഷനും IT ആക്ടും ഉൾപ്പെടുത്തി അന്വേഷണം നടത്തുന്നതിനും പ്രതികളെ കണ്ടെത്തി, തെളിവുകൾ ശേഖരിച്ച്, ആയത് വിശദമായ പരിശോധനയ്ക്കായി ഫോറൻസിക് ലാബിലേക്ക് അയച്ച് പരിശോധന നടത്തി പ്രതിയ്ക്ക് ശിക്ഷ ലഭിക്കത്തക്ക വിധം സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | ചാർജ്ജ് ഷീറ്റ് ബഹു. കോടതികളിൽ സമർപ്പിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇക്കാര്യത്തിൽ എല്ലാ SHO-മാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി നൽകിയിട്ടുണ്ട്.<br>**(22.05.2024-ലെ സമിതി യോഗം അംഗീകരിച്ചു)** |
| 3 | 16 | ലൈംഗികാതിക്രമം സംബന്ധിച്ച ഒട്ടുമിക്ക സംഭവങ്ങളിലും സാക്ഷികളില്ലാത്തതിനാൽ തെളിവില്ലെന്ന കാരണത്താൽ കേസ് അവസാനിപ്പിക്കുന്നതും ലൈംഗികാതിക്രമം നടത്തുന്നവർക്കെതിരെ നാമമാത്രമായ വകുപ്പുകൾ ചേർത്ത് കുറ്റം ചുമത്തുന്നതും സമിതി ഗൗരവമായി വീക്ഷിക്കുന്നു. ലൈംഗികാതിക്രമങ്ങളുമായി ബന്ധപ്പെട്ട മിക്ക കേസുകളിലും പരാതിക്കാരെ മാനസികമായി പീഡിപ്പിച്ചും ഭീഷണിപ്പെടുത്തിയും പലപ്പോഴും കേസ് പിൻവലിപ്പിക്കുന്ന പ്രവണത കണ്ടുവരുന്നതായും ഇത്തരം സന്ദർഭങ്ങളിൽ തന്റേടത്തോടെയും ധൈര്യത്തോടെയും പരാതിയിൽ ഉറച്ചുനിൽക്കണമെന്നും പൊതുസമൂഹം പരാതിക്കാരെ കുറ്റവാളികളെപ്പോലെ കാണുന്നതിനുപകരം അവർക്കാവശ്യമായ പിന്തുണ നൽകേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇത്തരം കേസുകൾ സമയബന്ധിതമായി അന്വേഷിച്ച് കുറ്റപത്രം സമർപ്പിക്കുന്നതിന് സംസ്ഥാനത്തെ പോലീസ് സംവിധാനം കൂടുതൽ | **<u>ആഭ്യന്തര (ജി) വകുപ്പ്</u>**<br>**<u>22.09.2020-ലെ ജി3/1122/2019 ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>സ്ത്രീകൾക്കും കുട്ടികൾക്കും നേരെ ലൈംഗിക അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ ബന്ധപ്പെട്ട IPC, POCSO Act പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും ടി കേസുകളെ Grave Crime വിഭാഗത്തിൽ ഉൾപ്പെടുന്ന കേസുകൾ IOP മാരെക്കൊണ്ട് അന്വേഷണം നടത്തിക്കുന്നതിനും ടി കേസുകളുടെ അന്വേഷണ പുരോഗതി അവലോകനം ചെയ്യുന്നതിനും പരമാവധി തെളിവുകൾ ശേഖരിച്ചും, സാക്ഷി മൊഴികൾ രേഖപ്പെടുത്തിയും കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി പരമാവധി 90 ദിവസത്തിനകം തന്നെ ബന്ധപ്പെട്ട കോടതികളിൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനും എല്ലാ സബ് ഡിവിഷണൽ ഓഫീസർമാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി നൽകിയിട്ടുള്ളതാണ്. ലൈംഗിക അതിക്രമ കേസുകളിൽ ഇരയാകുന്ന കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് ലീഗൽ സർവ്വീസ് അതോറിറ്റിയുമായി ബന്ധപ്പെട്ട് മതിയായ നിയമ സഹായവും നൽകുന്നതാണ്. ബലാത്സംഗ കേസുകളും പോക്സോ ആക്ടിന് കീഴിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളും ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഫാസ്റ്റ് ട്രാക്ക് കോടതി സംവിധാനത്തിലൂടെ കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | രണ്ടു വർഷത്തേയ്ക്ക് താത്കാലികാടിസ്ഥാനത്തിൽ, പതിനാല് ജില്ലകളിലായി ആകെ 28 അതിവേഗ പ്രത്യേക കോടതികൾ (Fast Track Special Courts) സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br>**(17.09.2021-ലെ സമിതി യോഗം അംഗീകരിച്ചു)**<br>**<u>ആഭ്യന്തര (ജി) വകുപ്പ്</u>**<br>**<u>28.12.2023-ലെ ജി3/216/2020 ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>റേപ്പ് കേസുകളും പോക്സോ നിയമപ്രകാരമുള്ള കേസുകളും വേഗത്തിൽ വിചാരണ ചെയ്യുന്നതിനും തീർപ്പാക്കുന്നതിനുമായി അതിവേഗ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിനുള്ള കേന്ദ്രസർക്കാർ പദ്ധതി അനുസരിച്ച് 14 e-POCSO കോടതികൾ ഉൾപ്പെടെ 56 അതിവേഗ പ്രത്യേക കോടതികൾ കേരളത്തിന് അനുവദിച്ചിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ Suo moto Writ Petition (Crl) No.1/219-ന്റെ 16.12.2019-ലെ ഉത്തരവ് പ്രകാരം കേരള ഹൈക്കോടതിയുമായി കൂടിയാലോചിച്ച് 24.04.2020 -ലെ സ.ഉ.(കൈ) നം.93/2020/ആഭ്യന്തരം പ്രകാരം ആദ്യ ഘട്ടമായി 28 അതിവേഗ പ്രത്യേക കോടതികളും, 04.02.2022- ലെ സ.ഉ. (കൈ) നം.20/2022/ ആഭ്യന്തരം പ്രകാരം രണ്ടാം ഘട്ടമായി ശേഷിക്കുന്ന 28 കോടതികളും സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ട്.സ്ത്രീകൾക്കും കുട്ടികൾക്കും നേരെ ലൈംഗിക അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ ബന്ധപ്പെട്ട IPC, POCSO Act പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും Grave Crime വിഭാഗത്തിൽ ഉൾപ്പെടുന്ന കേസുകൾ IOP മാരെകൊണ്ട് അന്വേഷണ നടത്തിക്കുന്നതിനും ടി കേസുകളുടെ |

| | | | |
|---|---|---|---|
| | | | അന്വേഷണ പുരോഗതി അവലോകനം ചെയ്യുന്നതിനും പരമാവധി തെളിവുകൾ ശേഖരിച്ചും, സാക്ഷിമൊഴികൾ രേഖപ്പെടുത്തിയും കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി പരമാവധി 90 ദിവസത്തിനകം തന്നെ ബന്ധപ്പെട്ട കോടതികളിൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനും എല്ലാ സബ് ഡിവിഷൻ ഓഫീസർമാർക്കും സംസ്ഥാന പോലീസ് മേധാവി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ലൈംഗിക അതിക്രമ കേസുകളിൽ ഇരയാകുന്ന കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുമായി ബന്ധപ്പെട്ട് മതിയായ നിയമസഹായവും നൽകുന്നതാണ്.<br>**(22.05.2024-ലെ സമിതി യോഗം അംഗീകരിച്ചു)** |
| 4 | 17 | ഒരു വ്യക്തിയെ കാണാതായതിനുശേഷമുള്ള തൊട്ടടുത്ത സമയങ്ങളിലെ ഊർജ്ജിത അന്വേഷണം ആ വ്യക്തിയെ കണ്ടെത്തുവാൻ ഏറ്റവും പ്രയോജനപ്രദമാണെന്നതിനാൽ ആളിനെ കാണാതാവുന്ന കേസുകളിൽ പരാതി ലഭിച്ചാലുടൻ ആയത് സ്വന്തം സ്റ്റേഷൻ പരിധിയിലല്ലെങ്കിലും ഇപ്പോഴുള്ള നൂതന വാർത്താവിനിമയ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ബന്ധപ്പെട്ട സ്റ്റേഷനിലേക്ക് പരാതി കൈമാറുന്നതിനും വിവരസാങ്കേതികവിദ്യയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി കാണാതായ വ്യക്തികളെ കണ്ടെത്തുന്നതിനുമുള്ള | **<u>ആഭ്യന്തര (ജി) വകുപ്പ് 22.09.2020-ലെ ജി3/1122/2019 ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>സ്ത്രീകളെയും കുട്ടികളെയും കാണാതാകുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ഉടൻതന്നെ കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിൽ നിന്നും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ ഓഫീസർമാർക്കും നൽകിയിട്ടുള്ളതും, ആയത് കർശനമായി പാലിയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ വിവര സാങ്കേതിക വിദ്യകളുടെയും സോഷ്യൽ മീഡിയയുടെയും ഉൾപ്പെടെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി ഫലപ്രദമായി ഇത്തരത്തിലുള്ള കേസുകളിൽ അന്വേഷണം |

| | | | |
|---|---|---|---|
| | | അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | നടത്തി വരുന്നുണ്ട്. **(17.09.2021-ലെ സമിതി യോഗം അംഗീകരിച്ചു)**<br><br>**<u>ആഭ്യന്തര (ജി) വകുപ്പ് 28.12.2023-ലെ ജി3/216/2020 ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>സ്ത്രീകളെയും, കുട്ടികളെയും കാണാതാകുന്ന സംഭവങ്ങളിൽ സ്റ്റേഷൻ പരിധിയില്ലാതെ പരാതി കൈമാറുന്നതിന് നിലവിൽ സംവിധാനമുണ്ട്. സ്ത്രീകളേയും കുട്ടികളേയും കാണാനില്ല എന്ന് പോലീസ് സ്റ്റേഷനിൽ പരാതി / അറിവ് ലഭിച്ചാലുടൻ വിവരങ്ങൾ ശേഖരിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുന്നതും, ആയതിൽ പ്രാഥമിക നടപടികൾ സ്വീകരിച്ചതിന് ശേഷം സംഭവം നടന്ന അധികാരപരിധിയിലുള്ള പോലീസ് സ്റ്റേഷനിൽ തുടരന്വേഷണത്തിനായി എഫ്.ഐ.ആറും അനുബന്ധ രേഖകളും അപ്പോൾതന്നെ ഓൺലൈനായി അയച്ചു നൽകുന്നതിനും സംവിധാനം നിലവിലുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന പോലീസ് മേധാവി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും, ആയത് കർശനമായി പാലിക്കാൻ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇത്തരത്തിലുള്ള കേസുകളിൽ വിവര സാങ്കേതിക വിദ്യകളുടെയും സോഷ്യൽ മീഡിയയുടെയും ഉൾപ്പെടെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി ഫലപ്രദമായി അന്വേഷണം നടത്തി വരുന്നുണ്ട്.<br>കേരള പോലീസിന്റെ എല്ലാ സ്റ്റേഷനുകളിലെയും മറ്റ് സബ് ഡിവിഷൻ ഓഫീസുകളിലെയും ജില്ല പോലീസ് മേധാവിമാരുടെയും മെയിൽ ഐ.ഡികളും കേരള പോലീസിന്റെ വിവിധ ഓൺലൈൻ സൈറ്റുകളിലൂടെയും കൂടാതെ POL APP, NIRBHAYA APP, DCRC, APARAJITHA, THUNA |

| | | | |
|---|---|---|---|
| | | | തുടങ്ങിയ മൊബൈൽ ആപ്പുകളിലൂടെയും പരാതികൾ സമർപ്പിക്കാവുന്നതും 112, 1091 എന്നീ ടോൾ ഫ്രീ നമ്പരുകളിലും വിളിച്ച് പരാതി രജിസ്റ്റർ ചെയ്യാവുന്നതുമാണ്.<br><br>കാണാതായ ആൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നുണ്ടെങ്കിൽ സൈബർ സെല്ലിന്റെ സേവനം പ്രയോജനപ്പെടുത്തി ടവർ ലൊക്കേഷൻ, സി.ഡി.ആർ എന്നിവ പരിശോധിച്ചും, കാണാതായ വ്യക്തിയുടെ വിവിധ ആങ്കിളിലുള്ള ലഭ്യമായ ചിത്രങ്ങൾ കഴിയുന്നിടത്തോളം ശേഖരിച്ച് (പെൺകുട്ടികളാണെങ്കിൽ രക്ഷകർത്താക്കളുടെ രേഖാമൂലമുള്ള സമ്മതം വാങ്ങിയതിനുശേഷം) ആ വ്യക്തിയെ തിരിച്ചറിയുന്നതിന് ആവശ്യമായ വിശദീകരണങ്ങൾ ചേർത്ത് ക്രൈം കാർഡുകളും, ക്രൈം മെമ്മോകളും തയ്യാറാക്കി സംസ്ഥാനത്തെ മറ്റ് പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള വിവിധ Law Enforcement Agency കൾക്ക് അയച്ചു കൊടുത്തും, വാട്സ് ആപ്പ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ള സോഷ്യൽ മീഡിയ വഴി പ്രചരിപ്പിച്ചും ലുക്ക് ഔട്ട് നോട്ടീസുകൾ തയ്യാറാക്കി റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ, എയർപോർട്ടുകൾ, റീജിയണൽ പാസ്പോർട്ട് ഓഫീസ് എന്നിവിടങ്ങളിൽ പതിച്ചും, കാണാതായ വ്യക്തിയെപ്പറ്റിയുള്ള വിവരങ്ങൾ കേരളാ പോലീസിന്റെ വെബ് സൈറ്റിലും ക്രിമിനൽ ഇന്റലിജൻസ് ഗസറ്റിലും, നാഷണൽ റെക്കോർഡ്സ് ബ്യൂറോയുടെ വെബ് സൈറ്റിലും മറ്റ് പ്രൈവറ്റ് വെബ് സൈറ്റുകളിലും പ്രസിദ്ധീകരിച്ചും കാണാതായവരുടെ ബാങ്ക് ഇടപാടുകൾ പരിശോധിച്ചും മറ്റ് നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ചും ഇവരെ കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നുണ്ട്.<br><br>സ്ത്രീകളെയും കുട്ടികളെയും മറ്റാരെയെങ്കിലുമോ കാണാതായി എന്ന് സ്റ്റേഷനിൽ പരാതി/അറിവ് ലഭിച്ചാൽ Man Missing/Child Missing/Women Missing എന്നീ രീതിയിൽ Sec.57 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും ഇത്തരം സന്ദർഭങ്ങളിൽ Sec.361 IPC അനുസരിച്ച് കേസ് എടുക്കാവുന്നതാണോ എന്ന് പ്രത്യേകം ശ്രദ്ധിച്ചും കാണാതാവുക, തട്ടിക്കൊണ്ടു പോകുക, വശീകരിച്ചു കൊണ്ട് പോകുക എന്നീ കാര്യങ്ങളിൽ IPC 361 മുതൽ 373 വരെയുള്ള വകുപ്പുകളിൽ പ്രത്യേകിച്ച് 370, 370(A) എന്നിവയിൽ പ്രത്യേക ശ്രദ്ധ ചെലുത്തി കേസ് രജിസ്റ്റർ ചെയ്തും, ഇത്തരം സംഭവങ്ങളുണ്ടായാൽ ഉടനടി പോലീസ് ഇൻസ്പെക്ടർ/ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് എന്നിവരുടെ നിയന്ത്രണത്തിൽ സ്പെഷ്യൽ ടീമിനെ രൂപീകരിച്ചും കാര്യക്ഷമവും ഫലപ്രദവുമായ അന്വേഷണം നടത്തുന്നതിന് നിലവിൽ സംവിധാനമുണ്ട്. കുട്ടികളെ കാണാതാകുന്ന സാഹചര്യത്തിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ഉടനടി നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സിൽ (NCPCR) റിപ്പോർട്ട് ചെയ്യാറുണ്ട്. പെൺകുട്ടികളെ കാണാതാകുന്ന സന്ദർഭങ്ങളിൽ തട്ടികൊണ്ടോ വശീകരിച്ചു കൊണ്ടോ പോയതായോ തെളിവ് ലഭിക്കാത്ത പക്ഷം ആയത് ഗ്രേവ് ക്രൈം ലിസ്റ്റിൽപ്പെടുത്തി (സർക്കുലർ 32/2009) ആയതിന്റെ അന്വേഷണം നടത്തുന്നതാണ്.<br><br>കുട്ടികളെ കാണാതാകുന്ന സാഹചര്യങ്ങളിൽ കേസ് രജിസ്റ്റർ ചെയ്തശേഷം 15 ദിവസങ്ങൾക്കുള്ളിൽ കണ്ടെത്താനായില്ലെങ്കിൽ District Missing |

| | | | |
|---|---|---|---|
| | | | Person Tracing Unit ലും നാലുമാസം കഴിഞ്ഞാൽ ആയത് Anti Human Trafficking-ലും ഉൾപ്പെടുത്തി സമഗ്രമായ അന്വേഷണം നടത്തുന്നതിന് നിലവിൽ പോലീസ് സംവിധാനമുണ്ട്. മാത്രമല്ല, എല്ലാ പോലീസ് സ്റ്റേഷനുകളിലും, ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശ പ്രകാരം Child Welfare Officer മാരെ നിയമിച്ചിട്ടുള്ളതുമാണ്.<br><br>കൂടാതെ കേരളത്തിൽ നിന്നോ ഇതര സംസ്ഥാനങ്ങളിൽ നിന്നോ കാണാതാകുന്നവർ കേരളത്തിലെ ഏതെങ്കിലും പോലീസ് സ്റ്റേഷൻ പരിധിയിൽ ഉണ്ടെന്ന വിവരം ലഭിച്ചാൽ അതാത് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.മാർ അവരെ കണ്ടെത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാറുണ്ട്.<br><br>**(22.05.2024-ലെ സമിതി യോഗം അംഗീകരിച്ചു)** |
| 5 | 18 | സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ശക്തമായ നടപടികൾ ആഭ്യന്തര, സാമൂഹ്യനീതി വകുപ്പുകൾ സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. അതോടൊപ്പം സാമൂഹ്യനീതി വകുപ്പ് സ്ത്രീധനത്തിനെതിരെ ദൃശ്യ ശ്രാവ്യ സമൂഹമാധ്യമങ്ങളിലൂടെയും മറ്റും വിവിധ പരസ്യങ്ങളും ഹ്രസ്വചിത്രങ്ങളും പോലുള്ള ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ<br>ചെയ്യുന്നു. | **സാമൂഹ്യനീതി(ബി) വകുപ്പ്**<br><br>**06.01.2021-ലെ സാനീവ-ബി2/110/2020-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്**<br><br>സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ നിയമത്തെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന് വകുപ്പ് സമഗ്രമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. എല്ലാവർഷവും നവംബർ 26 സ്ത്രീധനവിരുദ്ധ ദിനമായി ആചരിച്ചു വരുന്നു. ജനപ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ, അംഗൻവാടി പ്രവർത്തകർ തുടങ്ങി വിവിധ മേഖലകളിൽപ്പെട്ടവരെ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. മത്സരങ്ങൾ, വെബിനാറുകൾ എന്നിവ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുന്നു.ലഘു രേഖകൾ വിതരണം ചെയ്യുന്നു. സമൂഹമാധ്യമങ്ങൾ വഴി വ്യാപകമായ പരസ്യങ്ങൾ നൽകിവരുന്നു. ഈ വർഷം കേരള ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനുമായി ബന്ധപ്പെട്ട ഹ്രസ്വചിത്രം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>**(17.09.2021-ലെ സമിതി യോഗം അംഗീകരിച്ചു**<br><br>**<u>വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ് 27.11.2021-ലെ ഇ 3/195/2020/ഐ&പി.ആർനമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>വകുപ്പിന്റെ ഇൻഫോ വീഡിയോ പദ്ധതിയിൽ ഉൾപ്പെടുത്തി സോഷ്യൽ മീഡിയ വീഡിയോകൾ നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നൽകുന്നതിനും ഇത് സംബന്ധിച്ച നിയമങ്ങളിൽ അവബോധം നൽകുന്നതിനുമായി വകുപ്പിന്റെ സമകാലിക ജനപഥം മാസിക 2021 ജൂലൈയിൽ പ്രത്യേക പതിപ്പായി പ്രസിദ്ധീകരിച്ചു.<br>സ്ത്രീ ശാക്തീകരണത്തിന് വേണ്ടി കേരള സർക്കാർ കൈക്കൊള്ളുന്ന പ്രോജക്ടുകളെ കുറിച്ച് ബഹു. വനിത ശിശുക്ഷേമ മന്ത്രി എഴുതിയ ലേഖനം , സ്ത്രീ വിദ്യാഭ്യാസം കേരള സമൂഹത്തിൽ വരുത്തിയ മാറ്റങ്ങളെ കുറിച്ചുള്ള പ്രത്യേക ലേഖനം, സ്ത്രീധനവുമായി ബന്ധപ്പെട്ട കുറ്റങ്ങൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യാനുള്ള 'അപരാജിത' ഓൺലൈൻ പ്ലാറ്റ്ഫോമിനെ കുറിച്ചുള്ള ലേഖനം, എന്നിവ ഇതിൽ നൽകിയിട്ടുണ്ട്. പ്രാദേശിക പ്രചാരണങ്ങളോട് അനുബന്ധിച്ച് സഭാസമിതി നിർദേശപ്രകാരമുള്ള സന്ദേശ പ്രചാരണത്തിന് അവസരം ഒരുക്കാൻ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**(09.06.2022-ലെ സമിതി യോഗം അംഗീകരിച്ചു)**<br><br>**<u>ആഭ്യന്തര (ജി) വകുപ്പ്</u>**<br><br>**<u>28.12.2023-ലെ ജി3/216/2020 ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br><br>സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുന്നതിന് കേരള പോലീസ് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്ത്രീധന പീഡന പരാതികളിൽ കർശന നിയമനടപടികൾ സ്വീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട കേസുകളിൽ പ്രതികൾക്ക് ശിക്ഷ ഉറപ്പുവരുത്തും വിധം വേണ്ടത്ര തെളിവുകൾ ശേഖരിച്ച് കാലതാമസം കൂടാതെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തു വരുന്നുണ്ട്.<br><br>ജനമൈത്രി പോലീസിന്റെ സഹകരണത്തോടെ സ്ത്രീധനം എന്ന വിപത്തിനെതിരെ പൊതുജനങ്ങളിൽ ബോധവൽക്കരണം സൃഷ്ടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്."Say no to Dowry Campaign" മായി ബന്ധപ്പെട്ട ജില്ലകൾതോറും റസിഡൻസ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ, മറ്റ് സാംസ്കാരിക സമിതികൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസുകൾ, വെബിനാർ, നിയമ ബോധവൽക്കരണം എന്നിവ നടത്തിവരുന്നു. സ്ത്രീധന പീഡന പരാതികളിൽ യാതൊരുവിധത്തിലുമുള്ള ഒത്തുതീർപ്പ് വ്യവസ്ഥകൾക്കും ഇടം നൽകാതെ കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ |

| | | | |
|---|---|---|---|
| | | | എസ്.എച്ച്.ഒ. മാർക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**(22.05.2024–ലെ സമിതി യോഗം അംഗീകരിച്ചു** |
| 6 | 19 | നിർധന കുടുംബങ്ങൾക്ക് പെൺമക്കളുടെ വിവാഹം ഒരു പേടിസ്വപ്നം പോലെയാണ്. സ്ത്രീധനം എന്ന മഹാവിപത്ത് മാത്രമല്ല അതിന് കാരണം വിവാഹത്തോട് അനുബന്ധിച്ചുള്ള ചെലവുകൾ വർദ്ധിച്ചു വരുന്നതും ആർഭാടവിവാഹങ്ങൾ സമൂഹത്തിന്റെ ഭാഗമായി മാറുന്നതും കാരണങ്ങളാണ്. ആയതിനാൽ ലളിത വിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>സാമൂഹ്യനീതി(ബി) വകുപ്പ്</u>**<br><br>**<u>06.01.2021–ലെ സാനീവ-ബി2/110/2020–സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br><br>ആർഭാട വിവാഹങ്ങൾ സമൂഹത്തിന്റെ ഭാഗമായി മാറുമ്പോൾ ദരിദ്ര കുടുംബങ്ങളും വിവാഹം ആർഭാടകരമാക്കാൻ ശ്രമിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നുണ്ട്. ആർഭാട വിവാഹവും വിവാഹത്തോട് അനുബന്ധിച്ചുള്ള ധൂർത്തും ആയത് നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയും സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമനിർമാണം വഴി ആർഭാട വിവാഹവും വിവാഹങ്ങളോട് അനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കുവാൻ കഴിയുമെന്ന് കാണുകയാൽ നിയമനിർമാണം നടത്തുന്ന കാര്യം പരിശോധിക്കുന്നതിനായി ആയതിനുള്ള കരട് തയ്യാറാക്കി നൽകുവാൻ വനിതാ കമ്മീഷനെയും യുവജന കമ്മീഷനെയും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>**(17.09.2021–ലെ സമിതി യോഗം അംഗീകരിച്ചു)** |
| 7 | 20 | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും, വിധവകൾക്ക് പുനർവിവാഹത്തിനും, സാധുക്കളായ | **<u>പട്ടികജാതി പട്ടികവർഗ്ഗ വികസന(എഫ്) വകുപ്പ്</u>**<br>**<u>23.04.2022–ലെ</u>** |

| | | | |
|---|---|---|---|
| | | വിധവകളുടെ പെൺമക്കൾക്കും മിശ്രവിവാഹിതർക്കും സർക്കാർ നൽകുന്ന വിവാഹ ധനസഹായം ലഭിക്കുവാനുള്ള നടപടിക്രമങ്ങൾ സങ്കീർണ്ണമാണെന്നും സമിതി അഭിപ്രായപ്പെടുന്നു.<br>ആയതിനാൽ വിവാഹ ധനസഹായത്തിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് ധനസഹായ തുക സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **<u>എഫ്2/245/2019/പജപവവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>പട്ടികജാതി വിഭാഗക്കാർക്കായി വകുപ്പ് നടപ്പിലാക്കിവരുന്ന വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം എന്നീ പദ്ധതികളിൽ അപേക്ഷയും അനുബന്ധ രേഖകളും ബ്ലോക്ക്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ/ പട്ടികജാതി വികസന ഓഫീസർമാർ ശിപാർശ ചെയ്ത് ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ അനുമതിയ്ക്കായി അയയ്ക്കുകയും ടി അപേക്ഷകൾ പരിശോധിച്ച് ധനസഹായം അപേക്ഷകർക്ക് അനുവദിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിൽ അവലംബിച്ചുവരുന്നത്.<br><br>പ്രസ്തുത പദ്ധതികൾ ഓൺലൈൻ ആയി നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരികയാണ്. ടി പദ്ധതികൾ ഓൺലൈനാകുന്നതോടെ ഗുണഭോക്താവിന് സ്വന്തം മൊബൈൽ/കമ്പ്യൂട്ടർ വഴിയോ അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ അപേക്ഷ സമർപ്പിക്കുന്നതിനും നടപടി ക്രമങ്ങളുടെ സ്ഥിതി അറിയുന്നതിനും സാധിക്കുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇപ്രകാരം ആനുകൂല്യം നേരിട്ട് ഗുണഭോക്താക്കൾക്ക് യഥാസമയം ലഭ്യമാക്കുവാൻ കഴിയുന്നതാണ്.<br><br>വകുപ്പിന്റെ പദ്ധതി ആനുകൂല്യങ്ങൾക്കായി സമർപ്പിക്കേണ്ടുന്ന ജാതി സർട്ടിഫിക്കറ്റിന്റെ കാലപരിധി 3 വർഷമായും വരുമാന സർട്ടിഫിക്കറ്റിന്റെ കാലപരിധി 1 വർഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. വിവാഹ/മിശ്രവിവാഹ പദ്ധതികൾ മുഖേന ആനുകൂല്യം ലഭിക്കുന്നതിലേയ്ക്കുള്ള നടപടിക്രമങ്ങളിലെ സങ്കീർണത ഒഴിവാക്കുന്നതിനായി അപേക്ഷകൻ സമർപ്പിക്കേണ്ടതായ |

| | | | |
|---|---|---|---|
| | | | സാക്ഷ്യപത്രങ്ങളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിന് ആവശ്യമായ നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.<br>**(27.07.2022-ലെ സമിതി യോഗം അംഗീകരിച്ചു)** |
| 8 | 21 | കേരളത്തിലെ നല്ലൊരു ശതമാനം കുട്ടികൾ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പീഡനത്തിന് വിധേയരാകുന്നുവെന്നാണ് യൂണിസെഫ് അധികൃതരുമായി സമിതി നടത്തിയ ചർച്ചയിൽ നിന്നും സമിതിക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത്. സർക്കാരിന് ചെയ്യാവുന്ന കാര്യങ്ങൾ എന്നതിലുപരി, കുടുംബങ്ങളിൽ അതിനെതിരെ ശക്തമായ ക്യാമ്പയിൻ നടത്തേണ്ടത് അത്യാവശ്യമാണ്. വിദേശരാജ്യങ്ങൾ പേരന്റിംഗിന് വളരെ പ്രാധാന്യം നൽകുന്നതിനാലും അവിടെ നിയമം ശക്തമായതിനാലും ബാലപീഡനങ്ങൾ കുറവാണെന്നും പോക്സോ നിയമം പോലെ ശക്തമായ നിയമങ്ങൾ നമ്മുടെ നാട്ടിലുണ്ടെങ്കിലും സാമൂഹികമായ മാറ്റം കുടുംബങ്ങളിൽ നിന്നും തുടങ്ങേണ്ടതുണ്ടെന്നും ഇതിനായി ശക്തമായ ക്യാമ്പയിനിംഗും പേരന്റിംഗിൽ പരിശീലനവും നൽകേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു. | **<u>സാമൂഹ്യനീതി(ഇ) വകുപ്പ്</u>**<br><br>**<u>07.07.2021-ലെ സാനീവ-ഇ 1/317/2020-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br><br>സംസ്ഥാനത്ത് കുട്ടികൾക്കെതിരെ വർദ്ധിച്ചുവരുന്ന പീഡനങ്ങൾ തടയുന്നതിനും ഉത്തരവാദിത്വപൂർണ്ണമായ രക്ഷകർതൃത്വം കുട്ടികൾക്ക് നൽകുന്നതിനുമായി വകുപ്പ് തലത്തിൽ പാരന്റിംഗ് ക്യാമ്പയിനുകൾ സംഘടിപ്പിച്ചു വരികയും കൂടാതെ രക്ഷകർത്താക്കൾക്ക് കൗൺസിലിംഗ് മറ്റു ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നതിന് സ്കൂൾ കൗൺസിലർമാരുടെ സേവനം ഉപയോഗപ്പെടുത്തി ബ്ലോക്ക് തലത്തിൽ പാരന്റിംഗ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>**(17.09.2021-ലെ സമിതി യോഗം അംഗീകരിച്ചു)**<br><br>**<u>വനിതാ ശിശു വികസന (സി) വകുപ്പ് 05.12.2022-ലെ WCD-C1/121/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br><u>പാരന്റിംഗ്ക്ലിനിക്കുകൾ:</u> പരിശീലനം നേടിയ സ്കൂൾ കൗൺസിലർമാരുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ 158 ബ്ലോക്കുകളിലായി (152 പഞ്ചായത്തുകളിലും 6 കോർപ്പറേഷനുകളിലും) പാരന്റിംഗ് ക്ലിനിക്കുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ശനിയാഴ്ചകളിലും (പൊതു അവധി ദിവസങ്ങളൊഴികെ) രാവിലെ 9.30 മുതൽ 1.30 മണി വരെയാണ് ക്ലിനിക്ക് പ്രവർത്തിക്കുന്നത്. ഫലപ്രദമായ |

| | | | |
|---|---|---|---|
| | | | രക്ഷകർത്തൃത്വവുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കുള്ള സംശയങ്ങൾക്ക് ശാസ്ത്രീയമായ മാർഗ്ഗനിർദ്ദേശങ്ങൾ പാരന്റിങ് ക്ലിനിക്കുകൾ വഴി നൽകി വരുന്നു. കുട്ടികൾ നേരിടുന്ന സ്വഭാവ- വൈകാരിക മാനസികാരോഗ്യ പ്രശ്നങ്ങളിൽ ഫലപ്രദമായ ഇടപെടൽ സാധ്യമാകുകയും കൂടുതൽ ഇടപെടൽ ആവശ്യമായി വരുന്ന കുട്ടികളെയും മാതാപിതാക്കളെയും വിദഗ്ധ പരിചരണം നൽകുന്നതിനായി ജില്ലാ റിസോഴ്സ് സെന്ററിലേക്ക് റഫർ ചെയ്യുന്നു. ആധുനിക കാലഘട്ടത്തിൽ രക്ഷിതാക്കൾ സ്വീകരിക്കേണ്ട രക്ഷകർത്തൃ രീതികളെക്കുറിച്ച് അറിവും അവബോധവും ഉള്ള കൗൺസിലർമാർ/ സൈക്കോളജിസ്റ്റുമാർ എന്നിവരുടെ പാനൽ കേരളത്തിലെ എല്ലാ ജില്ലകളിലെയും ജില്ല ശിശു സംരക്ഷണ യൂണിറ്റുകളുടെ നേതൃത്വത്തിൽ സേവനങ്ങൾ നൽകി വരികയും ചെയ്യുന്നു.<br>പാരന്റിങ് ഔട്ട് റീച്ച് ക്യാമ്പുകൾ<br>ഉത്തരവാദിത്തപൂർണ്ണമായ രക്ഷകർത്തൃത്വം സംബന്ധിച്ച് മാതാപിതാക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുവാനും പാരന്റിങ്ങിൽ ശാസ്ത്രീയമായ മാർഗനിർദ്ദേശങ്ങൾ നൽകുവാനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ വനിതാ ശിശു വികസന വകുപ്പ് മുഖേന ഐ.സി.ഡി.എസ് ന്റെ (സംയോജിത ശിശു സംരക്ഷണ പദ്ധതി) ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ചാക്രിക രീതിയിൽ പാരന്റിങ് ഔട്ട് റീച്ച് ക്യാമ്പുകൾ നടത്തിവരുന്നു. പഞ്ചായത്തിന്റെ സഹകരണത്തോടെ എല്ലാ ശനിയാഴ്ചകളിലും ഉച്ചയ്ക്ക് ശേഷം രണ്ടു മണിമുതൽ വൈകുന്നേരം അഞ്ചുമണി വരെയാണ് ഔട്ട് റീച്ച് ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ന്യൂട്രീഷനിസ്റ്റ് |

| | | | |
|---|---|---|---|
| | | **16.08.2023-ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരം**<br>ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ 158 ബ്ലോക്കുകളിലായി പ്രവർത്തിക്കുന്ന പാരന്റിംഗ് ക്ലിനിക്കുകൾ കഴിഞ്ഞ ഒരു വർഷം എത്ര പാരന്റിങ് ഔട്ടറീച്ച് ക്യാമ്പുകൾ നടത്തിയിട്ടുണ്ട്; അതിൽ എത്ര പേർ പങ്കെടുത്തിട്ടുണ്ട്; അതിന്റെ ഫീഡ്ബാക്ക് എന്താണ് എന്നത് സംബന്ധിക്കുന്ന റിപ്പോർട്ട് ലഭ്യമാക്കുക. | എന്നിവരുടെ സേവനം പഞ്ചായത്ത് അധികൃതരുടെ സഹകരണത്തോടെ ക്യാമ്പിൽ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിൽ എല്ലാ ശനിയാഴ്ചകളിലും പ്രവർത്തിച്ചുവരുന്ന പാരന്റിങ് ക്ലിനിക്കുകൾക്ക് പുറമെയാണ് പഞ്ചായത്ത് തല ഔട്ട് റീച്ച് ക്യാമ്പുകൾ.<br><br>**(16.08.2023-ലെ സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)**<br><br>**വനിതാ ശിശു വികസന (സി) വകുപ്പ് 01.03.2024-ലെ WCD-C1/121/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്**<br>കഴിഞ്ഞ വർഷം നടന്ന 4779 പാരൻറിംഗ് ഔട്ട് റീച്ച് ക്യാമ്പുകളിലായി ആകെ 36082 രക്ഷകർത്താക്കളും 17632 കുട്ടികളും പങ്കെടുത്തു. പാരൻറിംഗ് ഔട്ട് റീച്ച് ക്യാമ്പുകളിൽ പങ്കെടുത്ത രക്ഷാകർത്താക്കളിൽ നിന്നും എടുത്ത ഫീഡ്ബാക്ക് പ്രകാരം കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വളരെ സഹായകമായ രീതിയിൽ ഉള്ള മാർഗ്ഗനിർദ്ദേശങ്ങളും പിന്തുണയും പാരൻറിംഗ് ക്ലിനിക്കുകളിലൂടെയും ഔട്ട് റീച്ച് ക്യാമ്പുകളിലൂടെയും ലഭിക്കുന്നുണ്ട് എന്ന് വ്യക്തമാകുന്നു, കുട്ടികളിലെ അഡിക്ഷൻ (addiction) പ്രശ്നങ്ങൾ, വൈകാരിക-സ്വഭാവ പ്രശ്നങ്ങൾ എന്നിവ മനസിലാക്കാനും സഹായം ലഭ്യമാക്കാനും ഇത്തരം ക്യാമ്പുകളും ക്ലിനിക്കുകളും സഹായിക്കുന്നുണ്ട്.<br>**(22.05.2024-ലെ സമിതി യോഗം അംഗീകരിച്ചു)** |
| 9 | 22 | കുട്ടികൾക്കോ സ്ത്രീകൾക്കോ എതിരെയുള്ള പീഡനങ്ങൾ ശ്രദ്ധയിൽപെടുന്നവർക്കോ പീഡനത്തിനിരയാകുന്നവർക്കോ | **സാമൂഹ്യനീതി(ഇ) വകുപ്പ്** |

| | | | |
|---|---|---|---|
| | | ഭയം നിമിത്തം ആ വിവരം അധികൃതരെ അറിയിക്കുന്നതിൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേയ്ക്കായി എല്ലാ റസിഡൻസ് അസോസിയേഷനുകളിലും ഗ്രാമീണ മേഖലകളിൽ പഞ്ചായത്ത് വാർഡുകളിലെ വിവിധ സ്ഥലങ്ങളിലായും പരാതിപ്പെട്ടികൾ സ്ഥാപിക്കേണ്ടതാണ്. പ്രസ്തുത പരാതിപ്പെട്ടികൾ മാസത്തിലൊരിക്കൽ ആശാ വർക്കർമാർ പരിശോധിച്ച് ബന്ധപ്പെട്ട സ്ത്രീകളും കുട്ടികളുമായി പരാതിയുടെ നിജസ്ഥിതി ചർച്ച ചെയ്യുകയും ആവശ്യമുള്ളപക്ഷം സ്കൂൾ കൗൺസലർമാരെയും ചൈൽഡ്‌ലൈൻ പ്രവർത്തകരെയും വിവരമറിയിച്ച് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>07.07.2021-ലെ സാനീവ-ഇ 1/317/2020-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br><br>പഞ്ചായത്ത് തലത്തിൽ കുട്ടികളുടെ സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പാക്കുന്നതിനായി വൾണറബിളായുള്ള കുട്ടികളെ കണ്ടെത്തി അവർ വീണ്ടും വൾണറബിൾ സാഹചര്യത്തിലേയ്ക്ക് തിരികെ പോകുന്നത് തടയുന്നതിനായി പഞ്ചായത്ത് തല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും ഐ.സി.ഡി.എസ് സൂപ്പർവൈസർ മെമ്പർ സെക്രട്ടറിയുമാണ്. സംസ്ഥാനത്ത് മുഴുവൻ പഞ്ചായത്തുകളിൽ ടി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തല കമ്മിറ്റി മുഖാന്തിരം കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തി വാർഡ് തലത്തിൽ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ മുൻസിപ്പാലിറ്റി തലത്തിലും മുൻസിപ്പൽ കോർപ്പറേഷൻ തലത്തിലും ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. അതിക്രമത്തിന് ഇരയാകുന്ന കുട്ടികൾക്കും വനിതകൾക്കും സഹായം നൽകുന്നതിനായി തപാൽ വകുപ്പുമായി ചേർന്ന് രക്ഷാദൂത് എന്ന പദ്ധതി വകുപ്പ് മുഖേന ആരംഭിച്ചിട്ടുണ്ട്. വ്യക്തിയോ അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി തപാൽ എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ് മാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടെ ഒരു പേപ്പറിൽ സ്വന്തം മേൽവിലാസമെഴുതി പിൻകോഡ് സഹിതം ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അല്ലാത്ത പക്ഷം പീഡനം അനുഭവിയ്ക്കുന്ന കുട്ടിയോ/സ്ത്രീയോ, അവരുടെ അടുത്തുള്ള തപാൽ വകുപ്പിന്റെ ലെറ്റർ ബോക്സിൽ വെള്ള പേപ്പറിൽ പൂർണ്ണമായ മേൽവിലാസം പിൻകോഡ് സഹിതം എഴുതി സീൽ ചെയ്ത് പുറത്ത് |

| | | | |
|---|---|---|---|
| | | | തപാൽ എന്നെഴുതി നിക്ഷേപിക്കാവുന്നതും പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച സ്കാൻഡ് കോപ്പി വനിത ശിശു വികസന വകുപ്പിന്റെ ഇ-മെയിലിലേയ്ക്ക് അയച്ചുതരുന്നതും ആയതിൽ ഗാർഹിക അതിക്രമവുമായി ബന്ധപ്പെട്ട പരാതികൾ അതാത് ജില്ലകളിലെ വനിത ശിശു വികസന ഓഫീസർമാരും കുട്ടികളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരും അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.<br>**(17.09.2021-ലെ സമിതി യോഗം അംഗീകരിച്ചു)**<br><br>**<u>വനിതാ ശിശു വികസന (സി) വകുപ്പ് 05.12.2022-ലെ WCD-C1/121/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br><br>കുട്ടികൾക്കെതിരായ പീഡനങ്ങൾ ശ്രദ്ധയിൽപ്പെടുന്നവർക്ക് അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെ തന്നെ ചൈൽഡ് ലൈൻ ഹെല്പ് ലൈൻ നമ്പറിലേക്ക് വിളിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ ബാലവേല, ശൈശവ വിവാഹം എന്നിവയുടെ റിപ്പോർട്ടിംഗ് കാര്യക്ഷമമാക്കാൻ ഇക്കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നവർക്ക് പാരിതോഷികം നൽകുകയും അവരുടെ വിവരങ്ങൾ സ്വകാര്യമായി സൂക്ഷിക്കുകയും ചെയ്യുന്ന പദ്ധതികൾ വനിത ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കെതിരെ എന്തെങ്കിലും അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ടി വിഷയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി വനിതാ ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ "കുഞ്ഞാപ്പ്" എന്ന മൊബൈൽ |

| | | | |
|---|---|---|---|
| | | | ആപ്ലിക്കേഷനും തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗങ്ങളിലൂടെ ഏതൊരു വ്യക്തിക്കും തങ്ങളുടെ വ്യക്തിഗത വിവരങ്ങൾ പരസ്യപ്പെടുത്താതെ തന്നെ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യാവുന്നതാണ്. മേൽ കാര്യങ്ങളിൽ പൊതുജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br><br>**(16.08.2023-ലെ സമിതി യോഗം അംഗീകരിച്ചു)** |
| 10 | 23 | സിനിമ, സീരിയൽ എന്നിവയിൽ മദ്യപാനം, പുകവലി തുടങ്ങിയ രംഗങ്ങൾ കൂടുതലായി ചിത്രീകരിക്കപ്പെടുന്ന അവസ്ഥ നിലനിൽക്കുന്നതായി സമിതി വിലയിരുത്തുന്നു. ഇവ ആരോഗ്യത്തിന് ഹാനികരമെന്ന് സ്ക്രീനിൽ വളരെ ചെറുതായി എഴുതി കാണിക്കുന്നുണ്ടെങ്കിലും ഇതിന് കാഴ്ചക്കാരിൽ വേണ്ടത്ര സ്വാധീനം ചെലുത്താൻ കഴിയുന്നില്ല. കുട്ടികളുടെയും യുവാക്കളുടെയും ഇടയിൽ പുകവലി, മദ്യപാനം എന്നിവ വർദ്ധിച്ചുവരുന്നതിന് ഇത് ഒരു കാരണമാകുന്നതായി സമിതി നിരീക്ഷിക്കുന്നു.കുട്ടികളും യുവതലമുറയും കഥാപാത്രങ്ങളെ അനുകരിക്കാൻ ശ്രമിക്കുന്ന പ്രവണതയുള്ളതിനാൽ സിനിമ, സീരിയൽ തുടങ്ങിയ ദൃശ്യമാധ്യമങ്ങളിൽ മദ്യപാനം, പുകവലി തുടങ്ങിയ രംഗങ്ങൾ പൂർണ്ണമായി ഒഴിവാക്കിയതിനുശേഷം മാത്രമേ സെൻസർ ബോർഡ് | **വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ് 27.11.2021-ലെ ഇ 3/195/2020/ഐ&പി.ആർ നമ്പർ കത്ത് മുഖേന ലഭിച്ചത്**<br><br>ഇത് സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി വകുപ്പിന്റെ ഇൻഫോ വീഡിയോ പദ്ധതിയിൽ ഉൾപ്പെടുത്തി സോഷ്യൽ മീഡിയ വീഡിയോകൾ നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രാദേശിക പ്രചാരണങ്ങളോട് അനുബന്ധിച്ച് സഭാ സമിതി നിർദ്ദേശപ്രകാരമുള്ള സന്ദേശ പ്രചാരണത്തിനും അവസരമൊരുക്കാൻ ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**(09.06.2022-ലെ സമിതി യോഗം അംഗീകരിച്ചു)** |

| | | | |
|---|---|---|---|
| | | പ്രദർശന അനുമതി നൽകാവൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 11 | 24 | കുട്ടികളുടെ ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന നേട്ടങ്ങൾ സംസ്ഥാനത്തിന് അവകാശപ്പെടാമെങ്കിലും മയക്കുമരുന്നിന് അടിമപ്പെട്ടവരുടെയും അതുമൂലമുണ്ടാകുന്ന കുട്ടി കുറ്റവാളികളുടെയും എണ്ണം ആശങ്ക ഉയർത്തും വിധം കൂടിവരുന്നു. ലഘുഭക്ഷണ പദാർത്ഥങ്ങളിലും ലഘുപാനീയങ്ങളിലും മയക്കമരുന്ന് കലർത്തി വിദ്യാർത്ഥികൾക്ക് നൽകി അവരെ മയക്കുമരുന്നിന് അടിമയാക്കുന്ന പ്രവണത നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം നടപടികൾക്ക് അറുതി വരുത്തുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലുള്ള സ്ഥാപനങ്ങളിൽ എക്സൈസിന്റെയും ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെയും വിഭാഗത്തിന്റെയും ആഭിമുഖ്യത്തിൽ നടത്തുന്ന റെയ്ഡുകൾ കൂടുതൽ കാര്യക്ഷമമാക്കണമെന്നും കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കുന്നതിനുള്ള ശക്തമായ നടപടികൾ വകുപ്പുകളുടെ ഭാഗത്ത് നിന്നും ഉണ്ടാകണമെന്നും ഇക്കാര്യത്തിൽ ഇൻഫോർമർമാർക്ക് പൂർണ്ണ സുരക്ഷ ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **<u>നികുതി (ജി) വകുപ്പ്</u>**<br>**<u>21.05.2020-ലെ 16/ജി2/2020 നിവ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും, ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും, പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>ലഹരി വർജ്ജനത്തിലൂടെ ലഹരി മുക്തമായ ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" യുടെ ആഭിമുഖ്യത്തിൽ എക്സൈസ് വകുപ്പ്, മറ്റ് സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, എന്നിങ്ങനെ സമഗ്ര മേഖലയിലുമുള്ള പൊതുജന പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന |

| | | | |
|---|---|---|---|
| | | | പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. കുട്ടികൾക്ക് മയക്കുമരുന്നും മറ്റ് ലഹരി വസ്തുക്കളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നു. NDPS Act 32(B),(c),(d)എന്നിവ പ്രകാരം മൈനർ ആയിട്ടുള്ള കുട്ടികളെ ബാധിക്കുകയോ, അവരെ ഈ ആക്ട് പ്രകാരമുള്ള കുറ്റകൃത്യത്തിന് ഉപയോഗിക്കുകയോ വിദ്യാഭ്യാസ സ്ഥാപനത്തിലോ പരിസരത്തോ കുട്ടികൾ വിദ്യാഭ്യാസം, കായികം, സാമൂഹ്യ പ്രവർത്തനം എന്നിവയിൽ ഏർപ്പെടുന്ന സ്ഥലങ്ങളിലും കുറ്റകൃത്യം നടക്കുകയാണെങ്കിൽ സാധാരണ നൽകുന്ന ശിക്ഷയ്ക്കും പിഴയ്ക്കും ഉപരിയായി കൂടുതൽ ശിക്ഷ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ കുട്ടികൾക്ക് ലഹരി മരുന്ന് വിൽക്കുന്നവർക്കെതിരെ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം കേസെടുക്കുന്നതിനായി പോലീസ് വകുപ്പിന്റെ സഹകരണത്തോടെ നടപടി സ്വീകരിച്ചു വരുന്നു.<br>ജീവൻ രക്ഷാ മരുന്നുകൾ ലഹരിക്കായി ദുരുപയോഗം ചെയ്യാതിരിക്കുന്നതിനായി ഇത്തരം മരുന്നുകൾ അനധികൃതമായി വിൽപ്പന നടത്തുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് നിരന്തരം പരിശോധന നടത്തുകയും നിയമവിരുദ്ധമായി കണ്ടാൽ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.<br><br>ലഘുഭക്ഷണ പദാർത്ഥങ്ങളിലും പാനീയങ്ങളിലും മയക്കുമരുന്ന് കലർത്തി വിദ്യാർത്ഥികൾക്ക് വിൽപ്പന നടത്തുന്നുണ്ടോയെന്ന് അറിയുന്നതിന് |

| | | | |
|---|---|---|---|
| | | | സ്കൂൾ/കോളേജ് പരിസരങ്ങളിലുള്ള കടകളുടെ പ്രവർത്തനം രഹസ്യ നിരീക്ഷണം നടത്തുകയും ആവശ്യമുള്ള ഘട്ടങ്ങളിൽ ഭക്ഷ്യസുരക്ഷ വിഭാഗവുമായി ചേർന്ന് പരിശോധന നടത്തുകയും ചെയ്യുന്നു.<br><br>രഹസ്യവിവരം നൽകുന്ന ഇൻഫോർമർമാരുടെ പേരുവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുകയും അവർക്ക് സീക്രട്ട് ഫണ്ടിൽ നിന്നും തുക കൈമാറുകയും ചെയ്യും. കൂടാതെ രഹസ്യവിവരം നൽകുന്നവർക്ക് ഭീഷണിയുണ്ടാകുന്ന സാഹചര്യത്തിൽ പോലീസ് വകുപ്പുമായി ചേർന്ന് നിയമപരമായ സഹായങ്ങളും ലഭ്യമാക്കുന്നതാണ്.<br>**(17.09.2021-ലെ സമിതി യോഗം അംഗീകരിച്ചു)** |
| 12 | 25 | ഇന്റർനെറ്റ് ഉപയോഗം വർദ്ധിച്ചതോടെ സോഷ്യൽ മീഡിയകളിലൂടെ വിവിധ തരത്തിൽ കുട്ടികൾ ചൂഷണം ചെയ്യപ്പെടുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള മാധ്യമ റിപ്പോർട്ടുകൾ സമിതി ഗൗരവമായി കാണുന്നു. പല ഗെയിമുകളും കുട്ടികളെ ആത്മഹത്യയിലേയ്ക്കുവരെ തള്ളിവിടുന്നതായും കാണാം. ഇത് സംബന്ധിച്ച് ബോധവൽക്കരണം അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. കുട്ടികളെ വഴിതെറ്റിക്കുന്ന രീതിയിലുള്ള എണ്ണമറ്റ ഇന്റർനെറ്റ് സൈറ്റുകൾ ഇന്ന് ലഭ്യമാണ്. പക്വത ആർജ്ജിക്കുന്നതിനുമുമ്പുള്ള പ്രായത്തിൽ ഇത്തരം സൈറ്റുകളുടെ ലഭ്യത അവരെ വിവേകപൂർണ്ണമല്ലാത്ത തീരുമാനങ്ങളെടുക്കാൻ | **<u>ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ് 27.11.2021-ലെ എ 1/50/2020/ഉവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>ഇന്റർനെറ്റ്, സോഷ്യൽ മീഡിയ എന്നിവയുടെ സുരക്ഷിതമായ ഉപയോഗം സംബന്ധിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിനായി സ്കൂളുകളിലും കോളേജുകളിലും എൻ.എസ്.എസ്.ന്റെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സ്റ്റേറ്റ് എൻ.എസ്.എസ് ഓഫീസർ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>കുട്ടികളെ വഴിതെറ്റിക്കുന്ന രീതിയിലുള്ള സൈറ്റുകൾ ഉപയോഗിക്കുന്നതിലൂടെ അവർക്കുണ്ടാകാവുന്ന സ്വഭാവ വൈകല്യങ്ങൾ തടയുന്നതിനും മറ്റുമായി കുട്ടികൾക്കും രക്ഷകർത്താക്കൾക്കും ആവശ്യമായ ബോധവൽക്കരണം പോലീസിന്റെ ഭാഗത്തുനിന്നും |

| | | | |
|---|---|---|---|
| | | പ്രേരിപ്പിക്കുന്നു. ഇന്റർനെറ്റ്, സോഷ്യൽ മീഡിയ എന്നിവയുടെ സുരക്ഷിതമായ ഉപയോഗം സംബന്ധിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിനായി സ്കൂളുകളിലും കോളേജുകളിലും എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി. എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ മുതലായവ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | നൽകിയിട്ടുണ്ട്. കൂടാതെ ജനമൈത്രി പോലീസ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നീ സ്കീമുകളുടെ ഭാഗമായി "കുട്ടികളിലെ ഇന്റർനെറ്റ് ഉപയോഗവും ദൂഷ്യവശങ്ങളും എന്ന വിഷയത്തെക്കുറിച്ച് സ്കൂളുകളിലും കോളേജുകളിലും നിരവധി സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട് . സോഷ്യൽ മീഡിയയുടെ ദുരുപയോഗത്തെ സംബന്ധിച്ചുള്ള ബോധവൽക്കരണം എല്ലാ പോലീസ് സ്റ്റേഷൻ തലത്തിലും കുട്ടികൾക്കും രക്ഷകർത്താക്കൾക്കും പൊതുജനങ്ങൾക്കും നടത്തിയിട്ടുണ്ട്. ഇത്തരം സൈറ്റുകളെ ഹൈടെക് എൻക്വയറി സെൽ നിരീക്ഷിച്ചു വരുന്നതും കൗണ്ടർ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ ടീം വഴി കുട്ടികൾക്കെതിരെ നടക്കുന്ന ഓൺലൈൻ കുറ്റകൃത്യങ്ങൾ കണ്ടെത്തി അത്തരക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുകയാണ്. മാത്രവുമല്ല ഇൻറർനെറ്റിൽ ലഭ്യമായ, കുട്ടികളെ വഴിതെറ്റിക്കുന്ന രീതിയിലുള്ള സൈറ്റുകളുടെ ദൂഷ്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിനായി ഹൈടെക് എൻക്വയറി സെൽ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ റിസോഴ്സ് പേഴ്സൺ അടങ്ങിയ ടീം രൂപീകരിക്കുന്നതിനുള്ള നടപടി സംസ്ഥാന പോലീസ് സ്വീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റിലും സോഷ്യൽ മീഡിയയിലും വിവിധ തരത്തിൽ കുട്ടികളെ ചൂഷണം ചെയ്യുന്നതിനെ സംബന്ധിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സ്കൂളുകളും കോളേജുകളും തുറക്കുമ്പോൾ ആരംഭിക്കുന്ന പരിശീലന പരിപാടികളിലും എൻ.സി.സി ക്യാമ്പുകളിലും സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.<br><br>**(31.05.2022-ലെ സമിതി യോഗം അംഗീകരിച്ചു.)** |

| | | | |
|---|---|---|---|
| | | | **<u>ആഭ്യന്തര (ജി) വകുപ്പ്</u>**<br><br>**<u>28.12.2023-ലെ ജി3/216/2020 ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br><br>കുട്ടികളെ വഴിതെറ്റിക്കുന്ന രീതിയിലുള്ള എണ്ണമറ്റ സൈറ്റുകളുടെ ഉപയോഗം അവരെ സമ്മർദ്ദത്തിലേക്കും വിവേകപൂർണ്ണമല്ലാത്ത തീരുമാനങ്ങൾ എടുക്കുവാനും സ്വഭാവ വൈകല്യങ്ങളിലേക്കും നയിക്കുന്നു. ഇത് തടയുന്നതിന് വേണ്ടി എല്ലാ പോലീസ് സ്റ്റേഷൻ തലത്തിലും കുട്ടികൾക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും സോഷ്യൽ മീഡിയയുടെ ദുരുപയോഗത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. കൂടാതെ ജനമൈത്രി പോലീസ്, സ്റ്റുഡൻറ് പോലീസ് കേഡറ്റ് എന്നീ സ്കീമുകളുടെ ഭാഗമായി "കുട്ടികളിലെ ഇൻറർനെറ്റ് ഉപയോഗവും ദൂഷ്യവശങ്ങളും" എന്ന വിഷയത്തെക്കുറിച്ച് സ്കൂളുകളിലും കോളേജുകളിലും നിരവധി സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട് കുട്ടികളെ വഴിതെറ്റിക്കുന്ന രീതിയിലുള്ള ഇൻറർനെറ്റിലുള്ള സൈറ്റുകളെ ഹൈടെക് എൻക്വയറി സെൽ നിരീക്ഷിച്ചു വരുന്നു. ഈ സൈറ്റുകളുടെ ദൂഷ്യങ്ങളെകുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിന് ഹൈടെക് എൻക്വയറി സെൽ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ Resource Person അടങ്ങിയ ടീം രൂപീകരിച്ചിട്ടുണ്ട്. Counter child Sexual Exploitation Team വഴി കുട്ടികൾക്കെതിരെ നടക്കുന്ന ഓൺലൈൻ കുറ്റകൃത്യങ്ങൾ കണ്ടെത്തി അത്തരക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**(22.05.2024-ലെ സമിതി യോഗം** |

| | | | |
|---|---|---|---|
| | | | **അംഗീകരിച്ചു)**<br><br>**<u>പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്</u>**<br><br>**<u>26.09.2025-ലെ D1/273/2022- പൊ.വി.വ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>ഹയർ സെക്കൻഡറി വിഭാഗത്തിലെ നാഷണൽ സർവീസ് സ്കീമിന്റെ 2024-2025 അധ്യയന വർഷത്തെ പ്രവർത്തന പദ്ധതികളുടെ ഭാഗമായി, "സത്യമേവജയതേ പരിപാടി" യൂണിറ്റുകളിൽ നടപ്പിലാക്കുന്നുണ്ട്. SIET യുടെ സഹായത്തോടെ ആവശ്യമായ മൊഡ്യൂളുകളും ശില്പശാലകളും സംഘടിപ്പിക്കുന്നുണ്ട്. ഉജ്ജീവനം പദ്ധതിയിലൂടെ വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രവണതകൾ മയക്കുമരുന്ന് ഉപയോഗം ഇന്റർനെറ്റ് അഡിക്ഷൻ എന്നീ പ്രശ്നങ്ങളിൽ ഗുണപരമായ ഇടപെടലുകൾ ലക്ഷ്യമിടുന്നുണ്ട്. കൂടാതെ, സമദർശൻ, കാവലാൾ, ആശാകിരൺ എന്നീ പദ്ധതികൾ ഹയർ സെക്കൻഡറി നാഷണൽ സർവീസ് സ്കീം സംസ്ഥാനമൊട്ടാകെ ഏകീകൃതമായ രൂപം നൽകുകയും അതുവഴി ടി പദ്ധതികൾ ചിട്ടയോടും ഫലപ്രദമായും ലളിതമായും നിർബന്ധമായും നടപ്പിലാക്കി വരുന്നു. **(28.11.2025-ലെ സമിതി യോഗം അംഗീകരിച്ചു)** |
| 13 | 29 | ഒന്നിലധികം വൈകല്യമുള്ള ഭിന്നശേഷിക്കാർക്ക് ഒരു വികലാംഗപെൻഷൻ മാത്രം കുറഞ്ഞ നിരക്കിൽ ലഭിക്കുന്നത് വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. അവർ പലവിധ വൈകല്യങ്ങൾമൂലം ബുദ്ധിമുട്ടനുഭവിക്കുന്നവരാണെന്നത് കണക്കിലെടുത്ത് പലവിധ വൈകല്യങ്ങൾ ഉള്ള | **<u>ധനകാര്യ (എസ്.എഫ്.സി.ബി) വകുപ്പ്</u>**<br>**<u>05.08.2024-ലെ 2855992/SFC-B1/191/2024 FIN നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിയ്ക്കുന്നത്. സാമ്പത്തികമായ പ്രതികൂല |

| | | | |
|---|---|---|---|
| | | ഭിന്നശേഷിക്കാർക്ക് സാധാരണ ഭിന്നശേഷി പെൻഷന് പകരം ഓരോ വൈകല്യത്തിനും പെൻഷൻ തുകയിൽ ഒരു നിശ്ചിത ശതമാനം വർദ്ധനവ് വരുന്ന രീതിയിൽ പരമാവധി തുക നിശ്ചയിച്ച് വികലാംഗ പെൻഷൻ പുനഃക്രമീകരിച്ച് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | സാഹചര്യങ്ങൾക്കിടയിലും പെൻഷൻ മുടക്കം കൂടാതെ നൽകുന്നതിനുള്ള തീവ്ര ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹതപ്പെട്ടവർക്കെല്ലാം സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിയ്ക്കുന്നുവെന്ന് ഉറപ്പാക്കുന്നതോടൊപ്പം അനർഹരായവർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈക്കലാക്കുന്നത് തടയേണ്ടതും സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. സാമൂഹ്യ സുരക്ഷാ പെൻഷനുകളും, സർക്കാർ ധനസഹായത്താൽ പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകൾ നൽകുന്നതിനും ആയതിന്റെ വിതരണത്തിനായുള്ള ഇൻസെന്റീവ് നൽകുന്നതിനുമുൾപ്പെടെ 900 കോടി രൂപ പ്രതിമാസം സർക്കാർ അനുവദിക്കുന്നുണ്ട്. ആയതിനാൽ, നിലവിലുള്ള പെൻഷൻ മാനദണ്ഡങ്ങൾ കൂടുതൽ ഉദാരമാക്കാനോ ഇളവു വരുത്തുവാനോ നിലവിലെ സാഹചര്യത്തിൽ നിർവ്വാഹമില്ല എന്ന വിവരം വിനയപൂർവ്വം അറിയിക്കുന്നു.<br>**(09.04.2025-ലെ സമിതി യോഗം അംഗീകരിച്ചു.)** |
| 14 | 30 | സർവ്വീസ് പെൻഷൻ ലഭിക്കുന്നു എന്ന കാരണത്താൽ പലർക്കും വികലാംഗപെൻഷൻ നിരസിക്കുന്നതായുള്ള പരാതികൾ സമിതിയുടെ പരിഗണനയ്ക്ക് വരുന്നുണ്ട്. കുറഞ്ഞകാലം മാത്രം സർവ്വീസുള്ളവരും താഴ്ന്ന തസ്തികയിൽ ജോലി ചെയ്തവരുമായവർക്ക് പലപ്പോഴും വളരെ തുച്ഛമായ തുകയാണ് സർവ്വീസ് പെൻഷനായി ലഭിക്കുന്നത്. തുച്ഛമായ പെൻഷൻ ലഭിക്കുന്ന നിർദ്ധനരും | **ധനകാര്യ (എസ്.എഫ്.സി.ബി) വകുപ്പ് 05.08.2024-ലെ 2855992/SFC-B1/191/2024 FIN നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിയ്ക്കുന്നത്. സാമ്പത്തികമായ പ്രതികൂല സാഹചര്യങ്ങൾക്കിടയിലും പെൻഷൻ മുടക്കം കൂടാതെ നൽകുന്നതിനുള്ള തീവ്ര ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. |

| | | | |
|---|---|---|---|
| | | ഭിന്നശേഷിക്കാരുമായ സർവ്വീസ് പെൻഷണർമാർക്ക് വികലാംഗ പെൻഷൻ കൂടി നൽകേണ്ടത് അനിവാര്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ പ്രതിമാസം 5,000 (അയ്യായിരം രൂപ) രൂപയിൽ താഴെ മാത്രം സർവ്വീസ് പെൻഷൻ ലഭിക്കുന്ന ഭിന്നശേഷിക്കാരായ സർവ്വീസ് പെൻഷൻകാർക്ക് വികലാംഗ പെൻഷൻകൂടി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹതപ്പെട്ടവർക്കെല്ലാം സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിയ്ക്കുന്നുവെന്ന് ഉറപ്പാക്കുന്നതോടൊപ്പം അനർഹരായവർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈക്കലാക്കുന്നത് തടയേണ്ടതും സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. സാമൂഹ്യ സുരക്ഷാ പെൻഷനുകളും, സർക്കാർ ധനസഹായത്താൽ പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകൾ നൽകുന്നതിനും ആയതിന്റെ വിതരണത്തിനായുള്ള ഇൻസെന്റീവ് നൽകുന്നതിനുമുൾപ്പെടെ 900 കോടി രൂപ പ്രതിമാസം സർക്കാർ അനുവദിക്കുന്നുണ്ട്. ആയതിനാൽ, നിലവിലുള്ള പെൻഷൻ മാനദണ്ഡങ്ങൾ കൂടുതൽ ഉദാരമാക്കാനോ ഇളവു വരുത്തുവാനോ നിലവിലെ സാഹചര്യത്തിൽ നിർവ്വാഹമില്ല എന്ന വിവരം വിനയപൂർവ്വം അറിയിക്കുന്നു.<br>**(09.04.2025-ലെ സമിതി യോഗം അംഗീകരിച്ചു.)** |
| 15 | 31 | 2015-ലെ ഭിന്നശേഷി സെൻസസ് പ്രകാരം കേരളത്തിൽ ഏകദേശം 8 ലക്ഷത്തോളം ഭിന്നശേഷിക്കാരായ ആളുകളുണ്ട്. ആയതിനാൽ ഇവർക്കായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കേണ്ടതാണ്. | **<u>സാമൂഹ്യനീതി (ബി) വകുപ്പ് 04.01.2022-ലെ ബി2/169/2021/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ ശിശുവികസന വകുപ്പെന്നും സാമൂഹ്യനീതി വകുപ്പെന്നും രണ്ട് വകുപ്പുകളാക്കിയിട്ടുണ്ട്. ഇതിൽ സാമൂഹ്യനീതി വകുപ്പ് ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും ട്രാൻസ്ജെൻഡറുകൾക്കും മാത്രമായി രൂപീകരിക്കപ്പെട്ടതാണ്. സാമൂഹ്യനീതി വകുപ്പിന്റെ ഭൂരിഭാഗം സേവനങ്ങളും |

| | | | |
|---|---|---|---|
| | | | ഭിന്നശേഷി സംരക്ഷണത്തിന് വേണ്ടിയുള്ളതാണ്. ഇത് കൂടാതെ National Institute of Speech & Hearing (NISH), State Initiative On Disabilities (SID), Kerala State Handicapped Persons Welfare Corporation (KSHPWC), National Institute of Physical Medicine & Rehabilitation (NIPMR) തുടങ്ങിയ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ പൂർണ്ണമായും ഭിന്നശേഷിക്കാർക്കായി മാത്രം മാറ്റി വയ്ക്കപ്പെട്ടവയാണ്. കൂടാതെ സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയത്തിൽ ഭിന്നശേഷിക്കാർക്കായി ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭിന്നശേഷിക്കാർക്ക് മാത്രമായൊരു മറ്റൊരു വകുപ്പിന്റെ പ്രസക്തിയുള്ളതായി തോന്നുന്നില്ല.<br>**(09.06.2022-ലെ സമിതി യോഗം അംഗീകരിച്ചു)** |
| 16 | 32 | ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മനോവൈകല്യമുള്ളവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ഏറ്റവും കാര്യക്ഷമമായ സംവിധാനമാണ് നമുക്കുള്ളത്. എങ്കിലും സംസ്ഥാനത്ത് മാനസികാസ്വാസ്ഥ്യങ്ങൾ അനുഭവിക്കുന്നവർക്കുള്ള ചികിത്സാ/പുനരധിവാസ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ലഘുവായ മാനസിക വൈകല്യങ്ങൾ പോലും പിന്നീട്ഗൗരവതരമാകുന്നതിനാൽ ഇക്കാര്യത്തിൽ ആദ്യം തന്നെ ചികിത്സാ നടപടികൾ | **ആരോഗ്യകുടുംബക്ഷേമ (ഇ) വകുപ്പ് 28.10.2025-ലെ ഇ 1/485/2024-Health നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>നിലവിൽ സംസ്ഥാനത്ത് മാനസികാരോഗ്യ സേവനങ്ങൾ മൂന്ന് തലങ്ങളിൽ ലഭ്യമാണ്.<br>1.മാനസികോരോഗ്യകേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകളിലെ മാനസിരോഗ വിഭാഗം.<br>2.ജനറൽ / ജില്ലാ / താലൂക്ക് ആശുപത്രികളിലെ മാനസിക രോഗ വിഭാഗം<br>3. മാനസികോരോഗ്യ പരിപാടിയുടെ കീഴിൽ എല്ലാ സാമൂഹികരോഗ്യകേന്ദ്രങ്ങളിലും മാസംതോറും നടക്കുന്ന മാനസികാരോഗ്യ ക്ലിനിക്കുകൾ, കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അതാതു മെഡിക്കൽ ഓഫീസർമാർ നടത്തുന്ന മാനസികാരോഗ്യ ക്ലിനിക്കുകൾ |

| | | | |
|---|---|---|---|
| | | ആരംഭിക്കേണ്ടതാണ്. മാനസികരോഗ വിദഗ്ധരുടെ അടുത്തു പോകുന്നതിനുവിമുഖതയുള്ള വലിയൊരു വിഭാഗം സമൂഹത്തിലുണ്ട്. കൂടാതെ മാനസിക രോഗികളിൽ ഏറെ പേരും ആശ്രയിക്കുന്നത് സർക്കാർ ചികിത്സാ പദ്ധതികളെയാണ് എന്നത് കണക്കിലെടുത്ത് ഇത്തരം ചികിത്സാ പദ്ധതികൾ സർക്കാർ മേഖലയിൽ വ്യാപിപ്പിക്കേണ്ടതാണെന്നും മാനസിക രോഗികളുടെ എണ്ണത്തിന് ആനുപാതികമായി മാനസികരോഗ വിദഗ്ധരുടെ സേവനം എല്ലാ ജില്ലകളിലും ലഭ്യമാക്കേണ്ടതാണെന്നും സമിതിക്ക് അഭിപ്രായമുണ്ട്. മാനസിക രോഗികൾക്കുള്ള ചികിത്സാ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനായി സർക്കാർ തലത്തിൽ അടിസ്ഥാന സൗകര്യങ്ങളിൽ (Infrastructure & Manpower) വർദ്ധനവ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | മാനസിക രോഗികൾക്കുള്ള ചികിത്സാ പദ്ധതികൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ 'സമ്പൂർണ്ണ മാനസികാരോഗ്യ' പദ്ധതിയും, കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 'ആശ്വാസം' വിഷാദരോഗ ചികിത്സാ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. ഇതിനുപുറമേ ഗർഭിണികളായ സ്ത്രീകളുടെയും പ്രസവാനന്തരം അമ്മമാരുടെയും മാനസികാരോഗ്യ സംരക്ഷണത്തിനായി 'അമ്മമനസ്സ് പദ്ധതിയും' ആത്മഹത്യാനിരക്ക് കുറയ്ക്കുന്നതിനായി 'ജീവരക്ഷ' പദ്ധതിയും നടന്നു വരുന്നു. ഇതുവഴി പ്രാഥമികാരോഗ്യ തലത്തിലുള്ള ഡോക്ടർമാർ, നേഴ്സുമാർ, ഹെൽത്ത് വർക്കർമാർ, ആശമാർ എന്നിവരുടെ സേവനങ്ങൾ മാനസികാരോഗ്യ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.<br>**(28.11.2025-ലെ സമിതിയോഗം അംഗീകരിച്ചു)** |
| 17 | 33 | സമൂഹത്തിൽ സാധാരണമായി കണ്ടുവരുന്ന depression, anxiety തുടങ്ങിയ ചെറിയ മാനസിക പ്രശ്നങ്ങൾ നേരിടുന്നവർക്കെല്ലാം മാനസികാരോഗ്യ വിദഗ്ധരുടെ സേവനം ലഭ്യമാകുന്നില്ല. ഇത്തരം രോഗങ്ങൾ തിരിച്ചറിയുന്നതിനും ചികിത്സിക്കുന്നതിനുമായി ആവശ്യമായ സൈക്ക്യാട്രി ഡോക്ടർമാരുടെ സേവനം സർക്കാർ ആശുപത്രികളിൽ ഉറപ്പുവരുത്തണമെന്നും മറ്റ് വിഭാഗം ഡോക്ടർമാർക്ക് സൈക്ക്യാട്രി | **ആരോഗ്യകുടുംബക്ഷേമ (ഇ) വകുപ്പ് 20.11.2020-ലെ 580/ഇ 1/2019/ആകുവ നമ്പർ കത്ത് മുഖേന ലഭിച്ചത്**<br>എല്ലാ വിഭാഗം ഡോക്ടർമാർക്കും പരിശീലനം നൽകി ലഘു മാനസികരോഗ ചികിത്സ നൽകാനും മറ്റ് മാനസികരോഗങ്ങൾക്ക് ജില്ലാ മാനസികോരോഗ്യ പരിപാടി ക്ലിനിക്ക്/ മാനോരോഗ വിദഗ്ധർക്ക് റഫർ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം എല്ലാ ജില്ലകളിലും പ്രവർത്തിച്ചു വരുന്നു. കുടുംബാരോഗ്യകേന്ദ്രങ്ങളിൽ " ആശ്വാസം" |

| | | | |
|---|---|---|---|
| | | വിഭാഗത്തിൽ ഒരു നിശ്ചിത കാലയളവിൽ പരിശീലനം നൽകി അവരുടെ സേവനം കൂടി ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇതോടൊപ്പം മനോവൈകല്യങ്ങളെയും അവയുടെ ചികിത്സാ പ്രാധാന്യത്തെയും കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | എന്ന പേരിൽ ഡിപ്രഷൻ മാനേജ്മെന്റ് ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. ആശാവർക്കേഴ്സ്, കമ്മ്യൂണിറ്റി ഗേറ്റ് കീപ്പേഴ്സ് എന്നിവർക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നതിനുള്ള പരിശീലനം നൽകുന്നുണ്ട്. സമ്പൂർണ്ണ മാനസികോരോഗ്യം പദ്ധതിയുമായി ബന്ധപ്പെട്ട് ആശാമാർ വീടുകൾ സന്ദർശിച്ച് മാനസികരോഗങ്ങളുള്ളവരെ കണ്ടെത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ക്യാമ്പുകളിൽ എത്തിച്ച് ചികിത്സ നൽകി വരുന്നു. ഇവരെ ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്ത് ചികിത്സ നൽകുകയും ചെയ്യുന്നു. ഗോത്ര/ തീരദേശമേഖലകളിൽ മാനസികാരോഗ്യ ക്യാമ്പുകൾ നടത്താൻ ആരംഭിക്കുകയും, ഗർഭിണികൾക്ക് പ്രസവം കഴിഞ്ഞ ഉടനെ അമ്മമാരുടെ മാനസികാരോഗ്യം ഉറപ്പുവരുത്താൻ 'അമ്മമനസ്സ്' എന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗർഭിണികളെ Antenatal Unit ലും Postnatal unit ലും ആറു പ്രാവശ്യം പരിശോധിക്കുകയും ചികിത്സ / കൗൺസിലിംഗ് ആവശ്യമുള്ള പക്ഷം ഡോക്ടർ / മനശാസ്ത്രജ്ഞർക്ക് റഫർ ചെയ്യുകയും ചെയ്യുന്നുണ്ട്. സ്കൂൾ കുട്ടികൾക്ക് വേണ്ടി സ്കൂൾ മെന്റൽ ഹെൽത്ത് പ്രോഗ്രാമും ജോലിസ്ഥലത്തുള്ള മാനസിക പിരിമുറുക്കം കണ്ടെത്തി അത് കുറയ്ക്കാനായി Work Place Stress Management എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>**(17.09.2021-ലെ സമിതി യോഗം അംഗീകരിച്ചു)** |
| 18 | 34 | രോഗികളായി മാനസികാരോഗ്യ കേന്ദ്രങ്ങളിൽ | **<u>തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ് 09.11.2023-ലെ</u>** |

| | | | |
|---|---|---|---|
| | | പ്രവേശിപ്പിച്ചിരുന്നവരും പിന്നീട് രോഗവിമുക്തി നേടിയവരുമായവരെ ഏറ്റെടുക്കാൻ ബന്ധുക്കൾ വിമുഖത കാണിക്കുന്ന സാഹചര്യം നിലനില്ക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ അവർ ആശുപത്രിയിൽത്തന്നെ തുടരുന്നത് വീണ്ടും അവരെ മനോരോഗത്തിലേയ്ക്ക് തള്ളിവിടാൻ സാധ്യതയുണ്ടെന്നുള്ളത് കണക്കിലെടുത്ത് രോഗവിമുക്തി നേടിയവർക്കുള്ള പുനരധിവാസ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും അവർക്ക് തൊഴിൽ പരിശീലനം നല്കി സ്വയംപര്യാപ്തരാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സാമൂഹ്യനീതി/ തദ്ദേശ സ്വയംഭരണ വകുപ്പുകളോട് സമിതി നിർദ്ദേശിക്കുന്നു. | **318/ഇപിഎ 4/2020/തസ്വഭവ നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും രോഗവിമുക്തി നേടിയവർക്കുള്ള പുനരധിവാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അവർക്ക് തൊഴിൽ പരിശീലനം നൽകി സ്വയം പര്യാപ്തമാക്കുന്നതിന് നടപടി സ്വീകരിയ്ക്കുന്നതിനും എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br>ടി വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ മംഗലപുരം, ഗ്രാമപഞ്ചായത്തിൽ സാന്ത്വനം മാനസികാരോഗ്യ പരിപാടി നിലവിലുള്ളതാണെന്നും ആലപ്പുഴ ജില്ലയിലെ പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ശാന്തി ഭവൻ പുവർഹോമിൽ താമസം, ഭക്ഷണം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെന്നും, മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും രോഗവിമുക്തി നേടിയവർക്കുള്ള പുനരധിവാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിലേയ്ക്കുമായി അപേക്ഷകൾ/പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ഇത്തരത്തിലുള്ള ആളുകൾക്ക് പുനരധിവാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, തൊഴിൽ പരിശീലനം നൽകി സ്വയം പര്യാപ്തമാക്കുന്നതിനുമുള്ള പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, ഏറ്റെടുത്ത് നടപ്പിലാക്കുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ അറിയിച്ചിട്ടുണ്ട്.<br>പതിനാലാം പഞ്ചവത്സര പദ്ധതിയിൽ മുനിസിപ്പലിറ്റികൾക്കും കോർപ്പറേഷനുകൾക്കും വാർഷിക |

| | | | |
|---|---|---|---|
| | | | പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സ.ഉ. (കൈ) നം.86/2022/LSGD തീയതി 19/04/2022 പ്രകാരമുള്ള മാർഗ്ഗരേഖയിൽ വികസന മേഖലകൾക്കുള്ള നിർദേശങ്ങൾ നിബന്ധനകളിൽ സാമൂഹ്യനീതി വിഭാഗത്തിൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, ചൂഷണത്തിനും അതിക്രമത്തിനും ഇരയായ സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, ജീവിതത്തിൽ ഒറ്റപ്പെട്ടുപോയവർ, ഗുരുതര രോഗം ബാധിച്ചവർ, എച്ച്.ഐ.വി ബാധിച്ചവർ, അഗതികൾ, കിടപ്പുരോഗികൾ, ഇതര സംസ്ഥാന തൊഴിലാളികൾ, യാചകർ, ജയിൽ മോചിതർ, സാമൂഹ്യ സുരക്ഷ ആവശ്യമായ മറ്റ് വിഭാഗങ്ങൾ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, കായിക വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ ക്ഷേമ വികസനം, പുനരധിവാസ പ്രവർത്തനങ്ങൾ പരിഗണിക്കപ്പെടണമെന്നും സമൂഹത്തിന്റെ കൈത്താങ്ങും, പരിഗണനയും ഇല്ലാതെ മുന്നോട്ട് പോകാൻ കഴിയാത്തവർക്കായും ഉചിതമായ ക്ഷേമ പുനരധിവാസ പരിപാടികൾ ആവിഷ്കരിക്കാവുന്നതാണെന്നും നഗരസഭകൾക്ക് നിർദേശം നല്കിയിട്ടുള്ളതാണ്. ആയതനുസരിച്ച് നഗരസഭകൾ തങ്ങളുടെ പദ്ധതി രൂപീകരണത്തിൽ മുൻഗണന നൽകി പ്രവർത്തിച്ചു വരുന്നു. **(22.05.2024-ലെ സമിതി യോഗം അംഗീകരിച്ചു.)** |
| 19 | 38 | വാഹന പരിശോധനാ വേളയിൽ പോലീസിന്റെ ഭാഗത്തു നിന്നും പൊതുജനങ്ങളോട് മോശം പെരുമാറ്റം ഉണ്ടാകാതിരിക്കാനുള്ള കർശന നിർദ്ദേശം ഉന്നത ഉദ്യോഗസ്ഥർ നൽകണമെന്നും കൂടാതെ മോട്ടോർ വാഹന | **വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ് 27.11.2021-ലെ ഇ 3/195/2020/ ഐ&പി.ആർ നമ്പർ കത്ത് മുഖേന ലഭിച്ചത്** ഈ വിഷയത്തിൽ ബോധവൽക്കരണം നടത്തുന്നതിനായി വകുപ്പിന്റെ ഇൻഫോ വീഡിയോ പദ്ധതിയിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | നിയമത്തെക്കുറിച്ചും വാഹന പരിശോധനാ സമയത്ത് ഏതൊക്കെ സർട്ടിഫിക്കറ്റുകൾ കൈവശം ഉണ്ടാവണമെന്നതിനെക്കുറിച്ചും അവ ഇല്ലെങ്കിൽ എത്ര രൂപ ഫൈൻ ഈടാക്കണമെന്നതുൾപ്പെടെയുള്ള വിവരങ്ങൾ സംബന്ധിച്ചുള്ള അവബോധം പത്ര ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | സോഷ്യൽ മീഡിയ വീഡിയോകൾ നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ബോധവത്കരണം നൽകുന്ന ലേഖനങ്ങൾ സമകാലികജനപഥം വഴി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പ്രാദേശിക പ്രചാരണങ്ങളോടനുബന്ധിച്ച് സഭാ സമിതി നിർദേശപ്രകാരമുള്ള സന്ദേശ പ്രചാരണത്തിനും അവസരമൊരുക്കാൻ ജില്ലാ ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.<br>**(09.06.2022-ലെ സമിതി യോഗം അംഗീകരിച്ചു)**<br><br>**<u>ആഭ്യന്തര (എസ്.സി) വകുപ്പ് 19.08.2024-ലെ SC2/173/2024 Home നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>വാഹന പരിശോധന സമയത്ത് ഏതൊക്കെ സർട്ടിഫിക്കറ്റുകൾ കൈവശം ഉണ്ടാകണമെന്നതിനെക്കുറിച്ചും<br>പരിശോധന സമയത്ത് രേഖകൾ കൈവശം ഇല്ലായെങ്കിൽ ആയത് ഹാജരാക്കുന്നതിനുള്ള സാവകാശം സംബന്ധിച്ചും, മോട്ടോർ വാഹന നിയമത്തെക്കുറിച്ചും കൂടാതെ നിയമലംഘനത്തിനുള്ള പിഴ സംഖ്യ അറിയാത്തവർക്ക് ആയതിനെപ്പറ്റിയും വ്യക്തമായ കാര്യങ്ങൾ പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നൽകിയിട്ടുണ്ട്. ഇത് പ്രകാരം എല്ലാ ജില്ലകളിലും, ജില്ലാ പോലീസ് മേധാവിമാർ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഇത് സംബന്ധിച്ച വിവരങ്ങൾ ജില്ലാ പോലീസ് മേധാവിമാരുടെ ഫേസ് ബുക്ക് പേജിലൂടെയും മറ്റ് ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയും പൊതുജനങ്ങളെ |

| | | | |
|---|---|---|---|
| | | | അറിയിക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ജില്ലകളിൽ സ്വീകരിച്ച കർശന നടപടികളെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, ട്രാഫിക് & റോഡ് സേഫ്റ്റി മാനേജ്മെന്റിന്റെ കാര്യാലയത്തിൽ നിന്നും നിർദ്ദേശങ്ങൾ നൽകുകയും, ആയതു പ്രകാരം ജില്ലാ പോലീസ് മേധാവിമാർ സമർപ്പിക്കുന്ന റിപ്പോർട്ട് അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, ട്രാഫിക് & റോഡ് സേഫ്റ്റി മാനേജ്മെന്റിന്റെ കാര്യാലയത്തിൽ നിന്നും ജില്ലാ പോലീസ് മേധാവിമാർക്ക് നൽകി വരുന്നുണ്ട്.<br>പോലീസ് ഉദ്യോഗസ്ഥർ അവരുടെ കർത്തവ്യങ്ങൾ കൈകാര്യം ചെയ്യുന്ന അവസരങ്ങളിൽ പൊതുജനങ്ങളുമായി ഇടപഴകേണ്ടി വരുമ്പോൾ അവരോട് വളരെ മാന്യമായും വിനയത്തോടും പെരുമാറണമെന്നും സഭ്യമായ വാക്കുകൾ മാത്രം ഉപയോഗിച്ച് സംസാരിക്കുന്നതിനും കർശന നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലന ക്ലാസുകളും ബോധവൽക്കരണ ക്ലാസുകളും എല്ലാ ജില്ലകളിലും ജില്ലാ പോലീസ് മേധാവിമാർ നടത്തി വരുന്നുമുണ്ട്.<br>**(09.04.2025-ലെ സമിതി യോഗം അംഗീകരിച്ചു.)** |
| 20 | 39 | ഉയർന്ന പലിശ ലഭിക്കുമെന്ന് കരുതി മണി ചെയിനിലും മറ്റ് പല സ്വകാര്യ സ്ഥാപനങ്ങളിലും പണം നിക്ഷേപിച്ച്<br>കബളിപ്പിക്കപ്പെട്ടതായുള്ള ധാരാളം പരാതികൾ സമിതിയ്ക്ക് ലഭിക്കുന്നുണ്ട്. | **<u>ആഭ്യന്തര (ജി) വകുപ്പ്</u>**<br>**<u>22.09.2020-ലെ ജി3/1122/2019 ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>Money Chain/Multi Level Marketing തുടങ്ങിയ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലും മറ്റും |

| | | | |
|---|---|---|---|
| | | ഇത്തരം സംഭവങ്ങൾ നിത്യേനയെന്നോണം മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടും വീണ്ടും ഇതുപോലുള്ള ചതിക്കുഴികളിൽ വീഴുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായും കൂടുതലും സ്ത്രീകളാണ് ഇത്തരത്തിൽ വഞ്ചിക്കപ്പെടുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. പല കേസുകളിലും നിരവധി വർഷങ്ങൾ കഴിഞ്ഞാലും പ്രതികളെ പിടികൂടാൻ കഴിയുന്നില്ല. ഇത്തരം കേസുകളിൽ പ്രതികളെ കണ്ടെത്തുന്നതിന് പോലീസിന്റെ ഭാഗത്തുനിന്നും കുറേക്കൂടി ശക്തമായ നടപടിയുണ്ടാകണമെന്നും അറസ്റ്റ് ചെയ്യപ്പെടുന്ന പ്രതികളിൽ നിന്നും പണം ഈടാക്കി അവരുടെ തട്ടിപ്പിനിരയായവർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇത്തരം തട്ടിപ്പിനിരയാകാതിരിക്കുന്നതിനുള്ള ബോധവത്ക്കരണം ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ജനങ്ങൾക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. | പണം നിക്ഷേപിച്ച് വഞ്ചിതരാകാതിരിക്കുന്നതിനായി ജനമൈത്രി സംവിധാനത്തിന്റെയും മറ്റും ആഭിമുഖ്യത്തിൽ ബോധവൽക്കരണം നടത്തി വരുന്നതാണ്. കൂടുതൽ സാമ്പത്തിക ലാഭം ലഭിക്കുമെന്ന് കരുതി മണി ചെയിനിലും മറ്റ് പല സ്വകാര്യ സ്ഥാപനങ്ങളിലും പണം നിക്ഷേപിച്ച് കബളിപ്പിക്കപ്പെട്ടതായുള്ള പരാതികളിൽ നിയമപ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരം കേസുകളിൽ കാര്യക്ഷമമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനും പരാതികൾക്ക് നിയമപരമായ പരിഹാരം ലഭിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുന്നതിനും എല്ലാ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകി പ്രത്യേക ശ്രദ്ധ ചെലുത്തി വരുന്നതുമാണ്<br><br>കൂടാതെ പ്രസ്തുത വിഷയത്തിൽ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ലഭ്യമായ റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി ഇൻഫോർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്.<br>**(17.09.2021-ലെ സമിതി യോഗം അംഗീകരിച്ചു)**<br>**<u>വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ് 27.11.2021-ലെ ഇ 3/195/2020 ഐ&പി.ആർ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>ഈ വിഷയത്തിൽ ബോധവൽക്കരണം നടത്തുന്നതിനായി വകുപ്പിന്റെ ഇൻഫോ വീഡിയോ പദ്ധതിയിൽ ഉൾപ്പെടുത്തി സോഷ്യൽ മീഡിയ വീഡിയോകൾ നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ബോധവത്കരണം നൽകുന്ന ലേഖനങ്ങൾ സമകാലികജനപഥം വഴി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പ്രാദേശിക പ്രചാരണങ്ങളോടനുബന്ധിച്ച് സഭാ സമിതി നിർദേശപ്രകാരമുള്ള സന്ദേശ പ്രചാരണത്തിനും അവസരമൊരുക്കാൻ ജില്ലാ ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.<br>**(09.06.2022-ലെ സമിതി യോഗം അംഗീകരിച്ചു)**<br><br>**<u>ആഭ്യന്തര (ജി) വകുപ്പ്</u>**<br><br>**<u>28.12.2023-ലെ ജി3/216/2020 ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br><br>അനധികൃത നിക്ഷേപ പദ്ധതികൾ 2019-ലെ Banning of Unregulated Deposit Schemes Act പ്രകാരം നിരോധിക്കപ്പെട്ടിട്ടുണ്ട്. അനധികൃത നിക്ഷേപങ്ങൾ സംബന്ധിച്ച് കേസുകളിലെ നിയമനടപടികൾ പ്രധാനമായും ബഡ്സ് ആക്ട് പ്രകാരമാണ് സ്വീകരിച്ച് വരുന്നത്. ബഡ്സ് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം ഒരു കോംപീറ്റന്റ് അതോറിറ്റിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. നിക്ഷേപ തട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെയുള്ള പരാതി കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കാവുന്നതാണ് ഇത്തരം കുറ്റകൃത്യങ്ങൾക്ക് ബഡ്സ് നിയമത്തിന് കീഴിൽ ശക്തമായ ശിക്ഷാനടപടികൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് അസ്വാഭാവികവും അമിതവുമായ പലിശയും ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തുന്ന സാമ്പത്തിക സ്ഥാപനങ്ങളെ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥർ നിരീക്ഷണം നടത്തിവരുന്നുണ്ട്. കൂടാതെ ഇന്റലിജൻസ് വിഭാഗം രഹസ്യമായി |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളെ നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിക്കുന്നതുമാണ്. ഇത്തരം സ്ഥാപനങ്ങളുടെ ചതിക്കുഴിയിൽ വീഴാതിരിക്കാൻ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി പോലീസിന്റെ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ ആവശ്യമായ പ്രചരണം നൽകിവരുന്നു. കൂടാതെ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നു. നിക്ഷേപ തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടാൽ സ്ഥാപനങ്ങളുടെയും പ്രതികളുടെയും സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടുകിട്ടുന്നതിന് കോംപീറ്റന്റ് അതോറിറ്റി നടപടി സ്വീകരിക്കുന്നുണ്ട്.<br><br>Money Chain/Multi Level Marketing തുടങ്ങിയ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലും മറ്റും പണം നിക്ഷേപിച്ച് വഞ്ചിതരാകാതിരിക്കാൻ ജനമൈത്രി സംവിധാനത്തിന്റെയും മറ്റും ആഭിമുഖ്യത്തിൽ ബോധവൽക്കരണം നടത്തിവരുന്നു. പരാതികളിൽ നിയമപ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചു ഇത്തരം കേസുകളിൽ കാര്യക്ഷമമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും പരാതികൾക്ക് നിയമപരമായ പരിഹാരം ലഭിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതിനും എല്ലാം ഓഫീസർമാർക്കും കർശന നിർദേശം നൽകി പ്രത്യേക ശ്രദ്ധ ചെലുത്തി വരുന്നു. കൂടാതെ പ്രസ്തുത വിഷയത്തിൽ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി മുഖേന വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | (22.05.2024-ലെ സമിതി യോഗം അംഗീകരിച്ചു.) |
| 21 | 40 | കേരളത്തിലെ വിവിധ സർവ്വകലാശാലകൾ നിലവിലെ ആവശ്യങ്ങൾ പരിഗണിച്ച് വിവിധ കോഴ്സുകൾ ആരംഭിക്കാറുണ്ട്. എന്നാൽ ഇത്തരം കോഴ്സുകൾ ജയിച്ചു വരുന്ന വിദ്യാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്ന വിവിധ നിയമനങ്ങളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്ന കാര്യം സമിതിയുടെ പരിഗണനയ്ക്ക് വന്ന വിഷയമാണ്. ഇവയ്ക്കുള്ള പ്രധാന കാരണം സർവ്വകലാശാലകൾ പുതുതായി ആരംഭിക്കുന്ന കോഴ്സുകൾ വിവിധ വകുപ്പുകളുടെ സ്പെഷ്യൽ റൂളുകളിൽ നിയമനങ്ങൾക്കുള്ള യോഗ്യതയായി ഉൾപ്പെടുത്താത്തതാണ്.<br>ആയതിനാൽ സർവ്വകലാശാലകൾ ആരംഭിക്കുന്ന വിവിധ കോഴ്സുകൾ പി.എസ്.സി.യുടെ യോഗ്യതാ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തുന്നതിന് സ്പെഷ്യൽ റൂളുകളിൽ ആവശ്യമായ ഭേദഗതികൾ സമയബന്ധിതമായി വരുത്തുന്നതിന് ഒരു ഏകീകൃത സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ് 17.04.2024-ലെ ബി2/69/2024/HEDN നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>** ടി വിഷയത്തിൽ 10/10/2014 ലെ 9481/ R1/2011/P&ARD (അനുബന്ധം-II) നമ്പർ സർക്കുലർ പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സമാനമായ വിഷയങ്ങളിൽ വിവിധ തരത്തിലും പേരുകളിലും ഉള്ള വിദ്യാഭ്യാസ കോഴ്സുകൾ നിലനിൽക്കുന്നത് കാരണം വിവിധ തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകളുടെ തുല്യത നിർണ്ണയിക്കാൻ പി.എസ്.സി. നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമായിട്ടാണ് കാലാകാലങ്ങളിൽ വിശേഷാൽ ചട്ടങ്ങളിലെ യോഗ്യതകൾക്ക് തുല്യമായി ഭരണവകുപ്പുകൾ കണ്ടെത്തുന്ന അത്തരം യോഗ്യതകൾ പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ തലത്തിൽ ഭരണ വകുപ്പുകൾ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും അത് സംബന്ധിച്ച പരിഷ്കാരങ്ങൾ/ കൂട്ടിചേർക്കലുകൾ ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ സമയബന്ധിതമായ മാറ്റം വരുത്തേണ്ടതാണെന്നും മേൽ സർക്കുലറിൽ നിർദ്ദേശിക്കുകയുണ്ടായത്. അതായത് ഒരു തസ്തികയിലേക്ക് നിയമനത്തിന് സ്പെഷ്യൽ റൂൾ / എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന യോഗ്യതയ്ക്ക് relevant/allied ആയ മറ്റൊരു യോഗ്യത ടി തസ്തികയിലേക്കുള്ള നിയമനത്തിന് പര്യാപ്തമാണെന്ന് ഭരണവകുപ്പിന് അഭിപ്രായമുള്ള പക്ഷം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത യോഗ്യത ടി തസ്തികയിലേക്കുള്ള നിയമനത്തിന് |

| | | | |
|---|---|---|---|
| | | | തത്തുല്യയോഗ്യതയായി (equivalent qualification) പ്രഖ്യാപിക്കുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് തടസ്സമില്ല. ഈ സാഹചര്യത്തിൽ,<br>കെ.എസ്.&എസ്.എസ്.ആർ ഭാഗം 2 ചട്ടം 10(a)(ii)–ൽ ഭേദഗതി വരുത്തേണ്ട ആവശ്യമില്ലായെന്നും ഇപ്രകാരം ഭേദഗതി വരുത്തുന്നത് ആശയക്കുഴപ്പങ്ങൾക്കും അവ്യക്തതകൾക്കും കാരണമാകുമെന്നും ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.<br>ആയതിനാൽ, ഒരു തസ്തികയിലേക്ക് നിയമനത്തിന് തത്തുല്യയോഗ്യത നിർണ്ണയിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പ്രതിപാദിച്ചുകൊണ്ട് 10/10/2014–ലെ 9481/R1/2011 P&ARD നം. സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നിലവിലുള്ള സാഹചര്യത്തിൽ സ്പെഷ്യൽ റൂളുകളിൽ ഭേദഗതി വരുത്തുവാൻ മറ്റൊരു പൊതുനിർദ്ദേശം നൽകേണ്ടുന്ന ആവശ്യമില്ലായെന്ന വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.<br>**(22.05.2024–ലെ സമിതി യോഗം അംഗീകരിച്ചു** |

<u>ഭാഗം II</u>

<u>സമിതിയുടെ ശിപാർശ, സമിതി ആവശ്യപ്പെട്ട അധികവിവരം, എന്നിവയിൽ നടപടി റിപ്പോർട്ട് ലഭിക്കാനുള്ളവ സംബന്ധിച്ച വിശദാംശം</u>

| ക്രമ നം | ഖ. നം | സമിതിയുടെ ശിപാർശ | ബന്ധപ്പെട്ട വകുപ്പ് |
|---|---|---|---|
| 1 | 26 | സ്വാഭാവിക ആശയ വിനിമയത്തിന് ബുദ്ധിമുട്ട് നേരിടുന്ന ശ്രവണ വൈകല്യമുള്ള കുട്ടികൾ നമുക്കിടയിലുണ്ട്. അവർക്ക് അദ്ധ്യാപന-പാഠ്യപ്രക്രിയയ്ക്ക് ആധുനിക സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പഠന രീതി ഏറെ പ്രയോജനപ്രദമാകുമെന്നും ആയതിനുവേണ്ടി ദൃശ്യ സംവേദനാത്മകമായ അദ്ധ്യാപന-പാഠ്യ സഹായ ഉപകരണങ്ങൾ സ്പെഷ്യൽ സ്കൂളുകളിൽ ലഭ്യമാക്കേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ സംസ്ഥാനത്തെ ശ്രവണവൈകല്യമുള്ള കുട്ടികൾക്കായി ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളിൽ സാങ്കേതിക പഠന സഹായ ഉപകരണങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് അടിയന്തരമായി പദ്ധതി തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **പൊതു വിദ്യാഭ്യാസ വകുപ്പ്** |
| 2 | 27 | ലുക്കീമിയ, തലാസീമിയ തുടങ്ങിയ രക്തജന്യരോഗങ്ങൾ ബാധിച്ച നിരവധി കുട്ടികൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്നുണ്ടെന്ന് കോഴിക്കോട് ജില്ലാ സന്ദർശന വേളയിൽ സമിതിക്ക് ബോദ്ധ്യപ്പെട്ടു. രക്തജന്യരോഗികളുടെ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജിലുള്ള സൗകര്യങ്ങൾ പരിമിതമാണെന്ന് | **ആരോഗ്യ കുടുംബക്ഷേമ വകുപ്പ്** |

| | | | |
|---|---|---|---|
| | | സമിതി വിലയിരുത്തുന്നു. ലൂക്കീമിയ രോഗബാധിതരായ കുട്ടികളുടെ സർവൈവൽ റേറ്റ് വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ താരതമ്യേന കുറവാണെന്നും ഇതിനുകാരണം രോഗികൾക്ക് ഇൻഫെക്ഷൻ ഉണ്ടാകുന്നതുകൊണ്ടാണെന്നും മെച്ചപ്പെട്ട സൗകര്യങ്ങൾ ഉള്ള ആശുപത്രികൾ ഉണ്ടായാൽ സർവൈവൽ റേറ്റ് ഉയർത്താൻ കഴിയുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കോഴിക്കോട് കാൻസർ സെന്ററിനോടു ചേർന്ന് പ്രത്യേകമായി പീഡിയാട്രിക് ഓങ്കോളജി' യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു | |
| 3 | 28 | ഭിന്നശേഷിക്കാർക്ക് 2007 മുതൽ പി.എസ്.സി. നിയമനങ്ങളിൽ 3% സംവരണം ഏർപ്പെടുത്തുകയും 2004 മുതൽ ആയതിന്റെ ബാക്ക്‌ലോഗ് നികത്തുന്നതിന് നടപടി സ്വീകരിച്ചുവരികയുമാണ്. എന്നാൽ 16-8-1999 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക ജോലി ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയ 2677 ഭിന്നശേഷിക്കാർക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിര നിയമനം നൽകിയെങ്കിലും അവർക്ക് സർവ്വീസ് ആനുകൂല്യങ്ങൾക്ക് അർഹതയില്ലെന്നും ഇവ സംരക്ഷിച്ച് നൽകണമെന്നുമാവശ്യപ്പെട്ട് സമിതി മുമ്പാകെ ധാരാളം പരാതികൾ ലഭിക്കുന്നുണ്ട്. 7-8-2013-ലെ സ.ഉ.(പി)നമ്പർ 63/2013/സാ.നീ.വ. പ്രകാരം സൂപ്പർ ന്യൂമററി നിയമനം ലഭിച്ച | **<u>സാമൂഹ്യനീതി (ബി) വകുപ്പ് 04.01.2022-ലെ ബി2/169/2021/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>** നിലവിൽ സൂപ്പർ ന്യൂമററി ആയി നിയമിക്കപ്പെടുന്നവരുടെ തസ്തിക സൂപ്പർ ന്യൂമററി ആയതിനാൽ സ്ഥിരം ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നതിന് സാധിക്കുകയില്ല എന്നിരിക്കലും വാർഷിക ഇൻക്രിമെന്റ്, അവധി, യാത്രാബത്ത, ദിനബത്ത, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, പങ്കാളിത്ത പെൻഷൻ എന്നിവ സ്ഥിര ജീവനക്കാർക്ക് ഉള്ളതുപോലെ അനുവദിക്കുന്നുണ്ട്. സ്ഥലംമാറ്റം, സ്ഥാനക്കയറ്റം, സീനിയോറിറ്റി, നിരീക്ഷണകാലം പൂർത്തിയാക്കൽ എന്നിവ അനുവദിച്ച നൽകുന്നില്ല. ആയതിനാൽ ടി തസ്തികകൾ സൂപ്പർ ന്യൂമററിയിൽ നിന്നും മാറ്റി അതാത് വകുപ്പിന്റെ കേഡർ സ്ട്രെങ്ങ്തിൽ ഉൾപ്പെടുത്തിയെങ്കിൽ |

| | | | |
|---|---|---|---|
| | | ഭിന്നശേഷിക്കാർക്ക് സ്ഥിരം ജീവനക്കാർക്കുള്ളത് പോലെ അവധി, യാത്രാബത്ത, ദിനബത്ത,മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്, ഇൻക്രിമെന്റ്, പെൻഷൻ എന്നിവ അനുവദിക്കുന്നുണ്ടെങ്കിലും സീനിയോറിറ്റിക്കും പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനും പ്രൊമോഷനും മറ്റൊരു ജില്ല/ വകുപ്പിലേയ്ക്ക് സ്ഥലം മാറ്റത്തിനും അർഹതയില്ലെന്ന് 3-2-2016-ലെ സ.ഉ.(പി) നമ്പർ 01/2016/സ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് സമിതിയ്ക്ക് ബോദ്ധ്യപ്പെട്ടു. ഇത് ഭിന്നശേഷിക്കാരോടുള്ള കടുത്ത വിവേചനമായി സമിതി വിലയിരുത്തുന്നു. എന്നാൽ 1997-ൽ സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തിലും വികലാംഗ വർഷത്തിലും ഇപ്രകാരം നിയമനം ലഭിച്ച ഭിന്നശേഷിക്കാർക്ക് എല്ലാവിധ സർവ്വീസ് ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ട് എന്ന വസ്തുത കൂടി പരിഗണിച്ച്, മറ്റ് സ്ഥിര ജീവനക്കാർക്ക് അനുവദിക്കുന്ന എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും 7-8-2013-ലെ പ്രസ്തുത സർക്കാർ ഉത്തരവുപ്രകാരം സൂപ്പർ ന്യൂമററി നിയമനം ലഭിച്ച ഭിന്നശേഷിക്കാർക്കും അനുവദിച്ച് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>**<u>09.06.2022-ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരം</u>**<br>**പ്രസ്തുത വിഷയത്തിലെ നിലവിലെ സ്ഥതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുക.** | മാത്രമേ മുഴുവൻ ആനുകൂല്യങ്ങളും നൽകാൻ കഴിയുകയുള്ളൂ. വിവിധ വകുപ്പുകളിൽ ഇപ്രകാരം സൂപ്പർ ന്യൂമററിയായി ജോലി ചെയ്തു വരുന്നവർക്കായി അതതു വകുപ്പുകളിൽ തസ്തിക കണ്ടെത്തേണ്ടതുണ്ട്. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുന്നതാണ്.<br><br>**(09.06.2022-ലെ സമിതിയോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു)**<br><br>**<u>സാമൂഹ്യനീതി (ബി) വകുപ്പ് 21.02.2025-ലെ ബി2/323/2021/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>1995-ലെ വികലാംഗ സംരക്ഷണ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഓരോ സർക്കാരും |

| | | | |
|---|---|---|---|
| | | | 3 ശതമാനത്തിൽ കുറയാതെയുള്ള ഒഴിവുകളിൽ ഭിന്നശേഷിക്കാരെ നിയമിക്കേണ്ടതാണ്. എന്നാൽ, ഈ നിയമം നിലവിൽ വരുന്നതിനുമുൻപ് ഭിന്നശേഷിക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം താൽക്കാലികമായി നിയമിച്ച് പിന്നീട് സ്ഥിരപ്പെടുത്തുന്ന രീതിയാണ് നിലവിലുണ്ടായിരുന്നത്. അതുപ്രകാരം 30.03.1995-ലെ ജി.ഒ(പി) 6/95/പി & എ.ആർ.ഡി, 13.10.1999-ലെ ജി.ഒ(പി) 18/99/പി&എ.ആർ.ഡി, 05.03.2005 -ലെ ജി.ഒ(പി) 33/05/SWD, 19.07.2005-ലെ ജി.ഒ(എം.എസ്) 101/2005/SWD, 30.11.2007-ലെ ജി.ഒ(പി) 85/07/SWD എന്നീ ഉത്തരവുകൾ പ്രകാരം താൽക്കാലിക ജീവനക്കാരായിരുന്ന ഭിന്നശേഷിക്കാരെ സർക്കാർ സർവ്വീസിൽ സ്ഥിരനിയമനം നൽകിയിരുന്നു.<br><br>എന്നാൽ 19.05.2008-ലെ സ.ഉ(പി) 31/2008/SWD നമ്പർ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാർക്കുള്ള 3% സംവരണ ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 16.08.1999 മുതൽ 31,12.2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം 179 ദിവസം ജോലി നോക്കിയിരുന്ന ഭിന്നശേഷിക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് പി.എസ്.സി യുടെ അഭിപ്രായം ആരായുകയും ഭിന്നശേഷി സംവരണ ഒഴിവുകൾ സർക്കാർ നിർദ്ദേശപ്രകാരം നികത്തുന്നപക്ഷം കമ്മീഷൻ കൈക്കൊണ്ടുവരുന്ന നിയമനനടപടികളാകെ അപ്രസക്തമാകുന്ന സാഹചര്യമുണ്ടാകുമെന്നും അതിനാൽ കമ്മീഷന് യഥാവിധി |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് ചെയ്യപ്പെട്ട് നിയമനനടപടികൾ സ്വീകരിച്ചുവരുന്ന ഭിന്നശേഷി സംവരണ ഒഴിവുകൾ നേരിട്ട് നികത്താനുള്ള സർക്കാർ നിർദ്ദേശം അംഗീകരിക്കില്ല എന്ന് പി.എസ്.സി അഭിപ്രായപ്പെട്ടിരുന്നു.<br>എന്നാൽ പി.എസ്.സിയുടെ ഈ അഭിപ്രായം മറികടന്ന്, മാനുഷിക പരിഗണനനൽകി 6.08.1999 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം 179 ദിവസം ജോലിനോക്കിയിരുന്ന ഭിന്നശഷിക്കാരെ സ്ഥിരപ്പെടുത്താൻ മന്ത്രിസഭായോഗം അനുവാദം നൽകി. അതിന്റെ അടിസ്ഥാനത്തിൽ 8/05/2013-ലെ സ.ഉ. (പി) നം. 40/13/സാ.നീ.വ. നമ്പർ ഉത്തരവ്, ടി ജീവനക്കാർ പെൻഷനാകുന്നമുറയ്ക്ക് തസ്തികകൾ ഇല്ലാതാകും എന്ന വ്യവസ്ഥ പ്രകാരം 2677 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ഇതു പ്രകാരം 2187 ഭിന്നശേഷിക്കാരാണ് സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ടത്. മറ്റ് സർക്കാർ ജോലി ലഭിച്ചവരോ പെൻഷൻ പ്രായം അധികരിച്ചവരോ ആണ് ഇത്തരത്തിൽ സൂപ്പർന്യൂമററി തസ്തികയിൽ ജോയിൻ ചെയ്യാത്തത്.<br>സ.ഉ(പി)നം. 40/13/സാ.നീ.വ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട 2677 സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ അനുവദിക്കാമെന്ന് വ്യക്തത വരുത്തിക്കൊണ്ട് 03.02.2016-ൽ സ.ഉ (പി) 01/2016/സാ.നീ.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് പ്രകാരം അവധി, യാത്രാബത്ത, ദിനബത്ത, ഇൻക്രിമെൻറ്, മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് എന്നിവയ്ക്ക് അർഹതയുണ്ട്. 01.04.2013-ന ശേഷം സർവ്വീസിൽ പ്രവേശിച്ചവരായതിനാൽ ദേശീയ |

| | | | |
|---|---|---|---|
| | | **29.10.2025-ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരം**<br>സ്ഥിരജീവനക്കാർക്ക് അനുവദിക്കുന്ന എല്ലാ സർവീസ് ആനുകൂല്യങ്ങളും 07.08.2023-ലെ GO(P) No.63/2013/സാനിവ നമ്പർ ഉത്തരവുപ്രകാരം നിയമനം ലഭിച്ച ഭിന്നശേഷിക്കാർക്കും അനുവദിച്ച് നൽകണമെന്ന് ബഹു.സുപ്രീംകോടതിയുടെ 23.05.2025-ലെ സിവിൽ അപ്പീൽ നമ്പർ 14915 of2024 നമ്പർ വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുക. | പെൻഷൻ പദ്ധതിയാണ് ഇവർക്ക് ബാധകം. എന്നാൽ സീനിയോരിറ്റി, നിരീക്ഷണകാലം, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം എന്നിവയ്ക്ക് ഇവർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.<br>സ്ഥിരം ജീവനക്കാർക്ക് അനുവദിക്കുന്ന എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും സൂപ്പർന്യൂമററി നിയമനം ലഭിച്ച ഭിന്നശേഷിക്കാർക്കും അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ലഭ്യമാകുന്ന സാഹചര്യത്തിൽ ടി അപേക്ഷയിലെ ആവശ്യം ബഹു. സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ നിർദ്ദേശാനുസരണം ബി1/250/2022/സാനീവ ഫയലിൽ പരിശോധിച്ചുവരുന്നു.<br>**(29.10.2025-ലെ സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു)**<br><br>**സാമൂഹ്യനീതി (ബി) വകുപ്പ്** |
| 4 | 34 | രോഗികളായി മാനസികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവേശിപ്പിച്ചിരുന്നവരും പിന്നീട് രോഗവിമുക്തി നേടിയവരുമായവരെ ഏറ്റെടുക്കാൻ ബന്ധുക്കൾ വിമുഖത കാണിക്കുന്ന സാഹചര്യം നിലനില്ക്കുന്നുണ്ട്. ഇത്തരം | **സാമൂഹ്യനീതി (ബി) വകുപ്പ് 27.04.2022-ലെ ബി4/84/21/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>രോഗികളായി മാനസികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവേശിപ്പിച്ചിരുന്നവരും പിന്നീട് രോഗമുക്തി നേടിയവരുമായവരെ |

| | | | |
|---|---|---|---|
| | | സാഹചര്യങ്ങളിൽ അവർ ആശുപത്രിയിൽത്തന്നെ തുടരുന്നത് വീണ്ടും അവരെ മനോരോഗത്തിലേയ്ക്ക് തള്ളിവിടാൻ സാധ്യതയുണ്ടെന്നുള്ളത് കണക്കിലെടുത്ത് രോഗവിമുക്തി നേടിയവർക്കുള്ള പുനരധിവാസ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും അവർക്ക് തൊഴിൽ പരിശീലനം നല്കി സ്വയംപര്യാപ്തരാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സാമൂഹ്യനീതി/ തദ്ദേശ സ്വയംഭരണ വകുപ്പുകളോട് സമിതി നിർദ്ദേശിക്കുന്നു. | ഏറ്റെടുക്കുന്നതിന് വീട്ടുകാർ തയ്യാറാകാതിരിക്കുകയും ഇത്തരത്തിലുള്ളവർക്ക് ആശുപത്രിയിൽ തന്നെയുള്ള തുടർവാസം ബുദ്ധിമുട്ടാവുകയും ചെയ്യുന്ന അവസരത്തിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആശാ ഭവനുകളിൽ അവരെ പുനരധിവസിപ്പിക്കുന്നതിന് സൗകര്യമുണ്ട്. സംസ്ഥാനത്ത് പുരുഷൻമാർക്കും സ്ത്രീകൾക്കുമായി മൂന്ന് വീതം ആശാഭവനുകൾ പ്രവർത്തിക്കുന്നുണ്ട്. ചിലയവസരങ്ങളിൽ ഈ സ്ഥാപനങ്ങളിൽ ഉൾക്കൊള്ളാവുന്നതിലും അധികം ആളുകളെ പ്രവേശിപ്പിക്കേണ്ടതായി വരുന്നുണ്ട്. ഇത്തരത്തിൽ അധികമായി വരുന്ന ആളുകളെ ഉൾക്കൊള്ളിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് വിവിധ NGO കളുടെ സഹായത്തോടെ 'പ്രതീക്ഷ' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സാമൂഹിക പുനരധിവാസം ലക്ഷ്യമിട്ടുള്ള കെയർ ഗിവറുടെ പിന്തുണയുള്ള സേവന സമീപനമുള്ള ഒരു പുനരധിവാസ ഭവനമാണ് ഹോം എഗെയ്ൻ (HA). ഈ പദ്ധതിയിൽ മാനസിക രോഗമുള്ളവർക്ക് വീട് വാടകയ്ക്കെടുക്കുവാനും, കമ്മ്യൂണിറ്റിയിലെ പങ്കിട്ട വീടുകളിൽ താമസിക്കുവാൻ അവസരം നൽകുകയും, ആരോഗ്യം, സാമൂഹ്യവൽക്കരണം, സാമ്പത്തിക ഇടപാടുകൾ, ജോലി, വിനോദം എന്നീ വ്യക്തിപരമായ അർത്ഥമുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരാവുന്നതിന് സഹായിക്കുകയും ചെയ്യുന്നു. സാമൂഹ്യപരിപാലന പിന്തുണയും വൈവിധ്യമാർന്ന ജോലികൾക്കുള്ള |

| | | | |
|---|---|---|---|
| | | | അവസരങ്ങൾ, സർക്കാർ ക്ഷേമ അവകാശങ്ങൾ സുഗമമാക്കുക, പ്രശ്ന പരിഹാരം, സാമൂഹ്യവൽക്കരണ പിന്തുണ, വിനോദം, ആരോഗ്യപരിരക്ഷ കേസ് മാനേജ്മെന്റ്, ഓൺസൈറ്റ് വ്യക്തിഗത സഹായവും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു.<br>ആരോഗ്യവകുപ്പിന്റെ പങ്കാളിത്തത്തോടെ ദി ബനിയൻ എന്ന സംഘടന മാനസിക രോഗാശുപത്രികളിൽ ചികിത്സ പൂർത്തിയായിട്ടും കുടുംബം ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്ന ആളുകളുടെ സാമൂഹിക പുനരധിവാസത്തിനായി ഹോം എഗൈൻ എന്ന പദ്ധതി പ്രകാരം 12 ഹോമുകൾ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലായി നടത്തി വരുന്നു. കൂടാതെ, സാമൂഹ്യനീതി വകുപ്പിന്റെ പങ്കാളിത്തത്തോടെ തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി പഞ്ചായത്തിലും ആലപ്പുഴ ജില്ലയിലെ മുഹമ്മ പഞ്ചായത്തിലും ഹോം എഗെയ്ൻ പദ്ധതി (5 പേരടങ്ങിയ ഓരോ യൂണിറ്റ്) പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>കൂടാതെ സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനോടെ 124 സൈക്കോ സോഷ്യൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 34 എണ്ണം സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്നവയാണ്. ഇപ്രകാരം രോഗികളായി മാനസികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവേശിപ്പിച്ചിരുന്നവരും പിന്നീട് രോഗമുക്തി നേടിയവരുമായവരെ ഏറ്റെടുക്കുന്നതിന് വീട്ടുകാർ തയ്യാറാകാതിരിക്കുകയും ഇത്തരത്തിലുള്ളവർക്ക് ആശുപത്രിയിൽ |

<table>
<tr>
<td></td>
<td></td>
<td><u>27.07.2022–ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരം</u><br>ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള 124 സൈക്കോ സോഷ്യൽ സ്ഥാപനങ്ങളിൽ എല്ലാ പ്രായത്തിലുമുള്ള വ്യക്തികളെയും പുനരധിവസിപ്പിക്കുന്നുണ്ടോയെന്നും പ്രസ്തുത സ്ഥാപനങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ടോയെന്നതുസംബന്ധിച്ചും വിശദമായ റിപ്പോർട്ട് ലഭ്യമാക്കുക.</td>
<td>തന്നെയുള്ള തുടർവാസം ബുദ്ധിട്ടാവുകയും ചെയ്യുന്ന അവസരത്തിൽ അവരെ പുനരധിവസിപ്പിക്കുന്നതിനു സാമൂഹ്യനീതി വകുപ്പ് സന്നദ്ധമാണ്.<br>(27.07.2022–ലെ സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു)<br><u>സാമൂഹ്യനീതി (ബി) വകുപ്പ് 26.05.2023–ലെബി2/327/2022/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u><br>ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സൈക്കോ സോഷ്യൽ സ്ഥാപനങ്ങളിലും 24.07.2012 തീയതിയിലെ സർക്കാർ ഉത്തരവ് 45/2012/SWD പ്രകാരം പി.ആർ.സി. ചട്ടങ്ങൾക്ക് വിധേയമായി ജില്ലാതല ഉപദേശക സമിതിയുടെ സഹായത്താൽ, സാമൂഹ്യനീതി വകുപ്പിന്റെ കൃത്യമായ മോണിറ്ററിംഗ് നടത്തിവരുന്നുണ്ട്. ചട്ടങ്ങളിലെ അദ്ധ്യായം 9(5) പ്രകാരം ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ ഘടന ചുവടെ ചേർക്കുന്നുണ്ട്.
<table>
<tr><td>1</td><td>ജില്ലാ കളക്ടർ</td><td>ചെയർമാൻ</td></tr>
<tr><td>2.</td><td>ജില്ലാ സാമൂഹ്യനീതി ഓഫീസർ</td><td>സെക്രട്ടറി</td></tr>
<tr><td>3.</td><td>പോലീസ് സൂപ്രണ്ട് & പോലീസ് കമ്മീഷണർ</td><td>അംഗം</td></tr>
<tr><td>4.</td><td>ജില്ലാതല ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സെക്രട്ടറി</td><td>അംഗം</td></tr>
<tr><td>5.</td><td>എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും (ആരോഗ്യം, ആയുർവേദം,</td><td>അംഗം</td></tr>
</table>
</td>
</tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td>ഹോമിയോപ്പതി)</td><td></td></tr>
<tr><td>6.</td><td>ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ജില്ലാ പഞ്ചായത്തിന്റെയും ചെയർമാൻ</td><td>അംഗം</td></tr>
<tr><td>7.</td><td>ഡി.എം.ഒ നിർദ്ദേശിക്കുന്ന ജില്ലയിലെ സൈക്യാട്രിസ്റ്റ്</td><td>അംഗം</td></tr>
<tr><td>8.</td><td>ജില്ലയിലെ എല്ലാ അംഗീകൃത പുനരധിവാസ കേന്ദ്രങ്ങളുടെയും പ്രതിനിധികൾ</td><td>അംഗം</td></tr>
<tr><td>9.</td><td>ജില്ലയുടെ ചുമതല വഹിക്കുന്ന ഓർഫനേജ് കൺട്രോൾ ബോർഡ് അംഗം</td><td>അംഗം</td></tr>
<tr><td>10.</td><td>ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ (ഐ.എം.എ) പ്രതിനിധി</td><td>അംഗം</td></tr>
<tr><td>11.</td><td>ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റിയുടെ (IPS) പ്രതിനിധി</td><td>അംഗം</td></tr>
</table>
ഓർഫനേജ് & അദർ ചാരിറ്റബിൾ ഹോംസ് ആക്ടിലെ ചട്ടങ്ങളിലെ അദ്ധ്യായം 3(6) പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള സൈക്കോ സോഷ്യൽ സ്ഥാപനങ്ങളിൽ 18 വയസ്സിനു മുകളിലുള്ള വ്യക്തികളെ പുനരധിവസിപ്പിച്ച് വരുന്നുണ്ട്. 18 വയസ്സിനു താഴെയുള്ള എല്ലാ കുട്ടികളുടെയും 2000-ലെ ജുവനൈൽ ജസ്റ്റിസ് നിയമ പ്രകാരം ജെ.ജെ.ബി/ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കു മുൻപാകെ ഹാജരാക്കുകയും ചെയ്യുന്നുണ്ടെന്ന വിവരം സമിതിയെ അറിയിക്കുന്നു.
</td>
</tr>
</table>

| | | | |
|---|---|---|---|
| | | **16.08.2023-ലെ സമിതിയോഗം ആരാഞ്ഞ അധിക വിവരം**<br>കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ജില്ലാതല ഉപദേശക സമിതി ഓരോ ജില്ലയിലും എത്ര യോഗം ചേർന്നിട്ടുണ്ടെന്നുള്ളത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കുക. | **(16.08.2023-ലെ സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു)**<br><br>**സാമൂഹ്യനീതി (ബി) വകുപ്പ്** |
| 5 | 35 | ചികിത്സാ സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിരവധി പരാതികൾ ഭിന്നശേഷിക്കാരിൽനിന്നും സമിതിക്ക് ലഭിച്ചുവരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പ് 11-8-2014-ലെ 11246/സി1/2012/സാ.നീ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ നിന്നും തിരുവനന്തപുരം ജില്ലയിൽ മാത്രം എഴുന്നൂറ്റിയൻപതോളം പേർ വികലാംഗ ദുരിതാശ്വാസനിധി ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുന്നുണ്ടെന്നും കോർപ്പസ് ഫണ്ടിൽ നിന്നും ലഭ്യമാകുന്ന പലിശതുക കൊണ്ട് ഓരോ വർഷവും ഓരോ ജില്ലയിലുമുള്ള നൂറിന് താഴെ അപേക്ഷകർക്ക് മാത്രമേ ധനസഹായം അനുവദിക്കുവാൻ കഴിയുന്നുള്ളുവെന്നും ലഭിക്കുന്ന അപേക്ഷകളിൽ മുൻഗണനാക്രമം അനുസരിച്ചാണ് നിലവിൽ ധനസഹായം അനുവദിച്ച് വരുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തന്നെ ചികിത്സാ സഹായം ലഭിക്കുന്നതിൽ കാലവിളംബം ഉണ്ടാകുന്നതായും ലഭിക്കുന്ന ധനസഹായം അപര്യാപ്തമാണെന്നും | **സാമൂഹ്യനീതി (ബി) വകുപ്പ് 04.01.2022-ലെ B2/169/2021/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>വികലാംഗ ദുരിതാശ്വാസ നിധിയെന്ന നിലയിൽ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള 2,55,59,000/- രൂപയുടെ പലിശയിൽ നിന്നാണ് നിലവിൽ ഭിന്നശേഷിക്കാരുടെ ചികിൽസാ ധനസഹായം നൽകുന്നത്. ഈ തുക തീരെ അപര്യാപ്തമായതിനാൽ അർഹതയുള്ള എല്ലാവർക്കും യഥാസമയം നൽകുന്നതിന് സാധിക്കുകയില്ല. ആയതിനാൽ ഭിന്നശേഷിക്കാരുടെ അടിയന്തിര ചികിത്സാ ആവശ്യങ്ങൾക്കായി നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകുന്നതിനു പരിരക്ഷ പദ്ധതി വകുപ്പ് നടത്തുന്നുണ്ട്. ഇത് കൂടാതെ RPWD Act 2016, ഭിന്നശേഷി ചട്ടങ്ങൾ, 2020 എന്നിവ പ്രകാരം ഭിന്നശേഷിക്കാരുടെ അടിയന്തര ആവശ്യങ്ങൾക്കായി സ്റ്റേറ്റ് ഫണ്ട് രൂപീകരിക്കുന്നതിന് നിഷ്കർഷിക്കുന്നു. വ്യക്തമായ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഈ ഫണ്ടുകളെല്ലാം |

| | | | |
|---|---|---|---|
| | | സമിതിക്ക് ബോദ്ധ്യപ്പെട്ടു. കൂടാതെ നൽകുന്ന തുകയിൽ കാലാനുസൃതമായി വർദ്ധനവ് വരുത്തേണ്ടത് അത്യാവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഭിന്നശേഷിക്കാരായ കൂടുതൽ ആളുകൾക്ക് അധികം കാലതാമസമില്ലാതെ ചികിത്സാ ധനസഹായം അനുവദിക്കുവാൻ കഴിയത്തക്ക വിധത്തിൽ വികലാംഗ ദുരിതാശ്വാസ നിധിയുടെ കോർപ്പസ് ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>**(09.06.2022-ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരം)**<br>പ്രസ്തുത വിഷയത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുക. | ഏകീകരിച്ച് സ്റ്റേറ്റ് ഫണ്ടാക്കി മാറ്റുന്നതിനും സി.എസ്.ആർ ഉൾപ്പെടെ ലഭ്യമാക്കി ഇതിലേക്ക് തുക കണ്ടെത്തുന്നതിനുമായി പ്രൊപ്പോസൽ സമർപ്പിക്കാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**(09.06.2022-ലെ സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു)**<br><br>**സാമൂഹ്യനീതി (ബി) വകുപ്പ് 21.02.2025-ലെ ബി2/323/2021/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്**<br>2016- The Rights of Persons with Disabilities Act ലെ വകുപ്പ് 88, 2020-ലെ The Rights of Persons with Disabilities (Kerala) Rules-ലെ ചട്ടം 47 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സർക്കാർ ഭിന്നശേഷിക്കാർക്കായി ഒരു സംസ്ഥാന നിധി - "State Fund for Persons with Disabilities" 48 ഉപചട്ടം (1)-ലെ വ്യവസ്ഥകൾ പ്രകാരം ഇതിലേക്കായി നിധിയുടെ ഭരണ സമിതിയിൽ (Governing body) ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തിയും 15.03.2024 -ൽ സ. ഉ (അച്ചടി) 9/2024/SJD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. 2020- ലെ The |

| | | | |
|---|---|---|---|
| | | **29.10.2025-ലെ സമിതി യോഗംആരാഞ്ഞ അധിക വിവരം**<br>വികലാംഗ ദുരിതാശ്വാസ നിധിയുടെ<br><br>കോർപ്പസ് ഫണ്ട് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് 2016 ലെ The Rights of Persons with disabilities Act-ലെ വകുപ്പ് 88, 2020-ലെചട്ടം 47-ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സർക്കാർ State Fund for Persons with Disabilities എന്ന പേരിൽ സംസ്ഥാനനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാത്തത് പരിതാപകരമാണെന്ന് സമിതി നിരീക്ഷിക്കുന്നു.അതിനാൽ വികലാംഗ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ എത്രയും വേഗം പുറപ്പെടുവിച്ച സമയബന്ധിതമായി പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് ശിപാർശ ചെയ്യുന്നു. | Rights of Persons with Disabilities Rules-ലെ ചട്ടം 49-ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന നിധി ഉപയോഗിക്കുന്നത് സംബന്ധിച്ചും, ഫണ്ട് സമാഹരണം, നിലവിലെ വികലാംഗ ദുരിതാശ്വാസനിധിയിലെ ഫണ്ട് ഉപയോഗപ്പെടുത്തുന്നത്, ഭരണ സമിതിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങൾ അതുമായി ബന്ധപ്പെട്ടുള്ള മറ്റ് വിഷയങ്ങൾ എന്നിവയിൽ കൂടുതൽ വ്യക്തത വരുത്തി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്.<br>**(29.10.2025-ലെ സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു)**<br><br>**സാമൂഹ്യനീതി (ബി) വകുപ്പ്** |
| 6 | 36 | എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളും അവരുടെ നിസ്സഹായതയും പരിഗണിച്ച് അവരുടെ | **സാമൂഹ്യനീതി വകുപ്പ്** |

| | | | |
|---|---|---|---|
| | | 2019 മാർച്ച് 31 വരെയുള്ള കടബാധ്യതകൾ എഴുതിത്തള്ളുന്നതിനും ഇതിനായി നീക്കിവയ്ക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 7 | 37 | എൻഡോസൾഫാൻ ദുരിതബാധിതരിൽ നല്ലൊരു ശതമാനം ആൾക്കാരും സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവരാണെന്ന് തെളിവെടുപ്പിലൂടെയും സ്ഥലസന്ദർശനത്തിലൂടെയും സമിതി മനസിലാക്കുന്നു. ആയതിനാൽ ഭൂരഹിത/ഭവനരഹിത എൻഡോസൾഫാൻ ദുരിതബാധിതരെ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയിൽ ഒരു പ്രത്യേക വിഭാഗമായി പരിഗണിച്ച്, ഫ്ളാറ്റുകളും വീടുകളും നിർമ്മിച്ചു നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു | **തദ്ദേശ സ്വയംഭരണ വകുപ്പ്** |
| 8 | 38 | വാഹന പരിശോധനാ വേളയിൽ പോലീസിന്റെ ഭാഗത്തു നിന്നും പൊതുജനങ്ങളോട് മോശം പെരുമാറ്റം ഉണ്ടാകാതിരിക്കാനുള്ള കർശന നിർദ്ദേശം ഉന്നത ഉദ്യോഗസ്ഥർ നൽകണമെന്നും കൂടാതെ മോട്ടോർ വാഹന നിയമത്തെക്കുറിച്ചും വാഹന പരിശോധനാ സമയത്ത് ഏതൊക്കെ സർട്ടിഫിക്കറ്റുകൾ കൈവശം ഉണ്ടാവണമെന്നതിനെക്കുറിച്ചും അവ ഇല്ലെങ്കിൽ എത്ര രൂപ ഫൈൻ ഈടാക്കണമെന്നതുൾപ്പെടെയുള്ള വിവരങ്ങൾ സംബന്ധിച്ചുള്ള അവബോധം പത്ര ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **ഗതാഗത വകുപ്പ്** |
| 9 | 42 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലെ പ്രീ-സർവ്വീസ് പരിശീലന കാലയളവിൽ പ്രസവാവധിയിൽ പ്രവേശിക്കുന്ന വനിതകൾക്ക് | **തദ്ദേശ സ്വയംഭരണ വകുപ്പ്** |

| | | | |
|---|---|---|---|
| | | പ്രസവാവധിക്കാലം സീനിയോറിറ്റിയെ ബാധിക്കാത്ത വിധത്തിൽ പരിഗണിക്കുന്നതിന് ആവശ്യമായ തരത്തിൽ വിശേഷാൽ ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു | |

തിരുവനന്തപുരം,

2026 ജനുവരി 29

യു. പ്രതിഭ,
ചെയർപേഴ്സൺ,
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം
സംബന്ധിച്ച സമിതി.

PAD-B2/12/2020-PAD
25

അനുബന്ധം I

ടോം ജോസ്
ചീഫ് സെക്രട്ടറി

കേരള സർക്കാർ
സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001

നം. പാകാവ-ബി2/12/2020-പാകാവ

പാർലമെന്ററികാര്യ (ബി) വകുപ്പ്
തീയതി : 17/02/2020

## കുറിപ്പ്

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-21) യുടെ പത്താമത് റിപ്പോർട്ട് - പൊതുശിപാർശയിന്മേൽ നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന : 1. 21/10/2019-ലെ പാകാവ-ബി2/139/2019-പാകാവ നമ്പർ സർക്കുലർ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)
2. നിയമസഭാ സെക്രട്ടറിയുടെ 29/11/2019-ലെ 17702/ഡബ്ല്യു.സി.&പി.എച്ച്.ബി1/2019/നി.സെ നമ്പർ കത്ത്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളനുസരിച്ച് സമിതിയ്ക്ക് ലഭിക്കുന്ന പരാതികളിന്മേൽ രണ്ടുമാസത്തിനകവും അടിയന്തര സ്വഭാവമുള്ള ഹർജികളിന്മേൽ 15 ദിവസത്തിനകവും നിയമസഭയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്നും ആയത് കൃത്യമായും പാലിക്കപ്പെടുന്നില്ലെന്ന് സമിതി അതൃപ്തി രേഖപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ, സമിതിക്ക് ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായും നീതിയുക്തമായും റിപ്പോർട്ട് ലഭ്യമാക്കുന്ന കാര്യത്തിൽ എല്ലാ സർക്കാർ വകുപ്പുകളും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതും ഉന്നത ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതുമാണെന്ന് സൂചന (1)-ലെ സർക്കുലർ പ്രകാരം എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നല്കിയിരുന്നു.

എന്നാൽ പരാതി പരിഹരിക്കുന്നതിലും റിപ്പോർട്ട് നിയമസഭാ സമിതിയ്ക്ക് ലഭ്യമാക്കുന്നതിലും വിവിധ വകുപ്പുകളുടെ ഭാഗത്തുനിന്നും ഇപ്പോഴും കാലതാമസം ഉണ്ടാകുന്നുവെന്ന് മനസ്സിലാക്കുന്നു. ആയതിനാൽ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ അർഹിക്കുന്ന ഗൗരവത്തോടെ കണ്ട്, പരാതി സംബന്ധിക്കുന്ന റിപ്പോർട്ട്, സമിതി ആവശ്യപ്പെടുന്ന അധിക വിവരം എന്നിവ ടി സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ നിയമസഭയ്ക്ക് ലഭ്യമാക്കുന്നുവെന്ന കാര്യം ഉറപ്പുവരുത്തുന്നതിനും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും എല്ലാ വകുപ്പ് സെക്രട്ടറിമാരും വ്യക്തിപരമായ ശ്രദ്ധപതിപ്പിക്കേണ്ടതാണ്. ഈ ആവശ്യത്തിലേയ്ക്കായി വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുമാണ്.

(ടോം ജോസ് IAS)

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും

പകർപ്പ് : ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്
പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പാർലമെന്ററികാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്
പാർലമെന്ററികാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എസ്സ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

അനുബന്ധം -II

GOVERNMENT OF KERALA

**Personnel and Administrative Reforms (Rules) Department**

CIRCULAR

No. 9481/R1/2011/P&ARD. *Dated, Thiruvananthapuram, 10th October, 2014.*

*Sub:*—P&ARD—Equivalency of qualification for posts included in the Special Rules—Issuance of timely modification.

In the judgment dated 15-12-2010 in W.A. No. 3012/2007 filed by Smt. Suma, K., the Hon'ble High Court has observed that under the scheme of KS & SSR, the Public Service Commission is incompetent to deal with the question of equivalence of educational or other qualifications prescribed by the Special Rules, unless the Special Rules provide for the recognition of qualifications other than the prescribed qualifications as equivalent to the qualifications prescribed.

2. In this context the Kerala Public Service Commission has requested Government to amend the provision of Rule 10 (a) (ii) of Part II, KS & SSR's to the effect that the Commission may have the powers to recognize appropriate academic qualification to be equivalent to the prescribed academic qualification while conducting selection process within its purview, as the implementation of the judgment mentioned above will adversely affect the selection procedure related to various posts resulting in far reaching consequences.

3. The request of Kerala Public Service Commission to amend the provision of rule 10(a) (ii) of Part II, KS & SSR's was examined in detail by Government.

4. As per Article 309 of the Constitution, the appropriate Legislature may regulate the recruitment, and conditions of service of persons appointed, to public services and posts in connection with the affairs of the State.

Accordingly, the State Legislature has enacted the Kerala Public Services Act, 1968 (19 of 1968) which empowers the Government to make rules to regulate the recruitment, and conditions of service of persons appointed, to public services and posts in connection with the affairs of the State of Kerala. As per the provisions of the Act, only the State Government has the power to regulate the recruitment to public services. Hence the State Government is the only authority having the power to prescribe the qualifications for recruitment and the method of appointment to public services. The said Act does not authorize the Government to delegate their powers in this respect to the Public Service Commission. What is required under the Constitution is only consultation with the Commission on matters relating to methods of recruitment. Further, as per clause (1) of Article 320 of the Constitution of India, it shall be the duty of State Public Service Commission to conduct examinations for appointments to the services of the State. Clause (3) of the said clause specifies the matters in respect of which the Commission shall be consulted.

5. Considering the above facts, Government have decided that it is not essential to bring about a further amendment in rule 10(a) (ii) of the KS & SSR's as proposed by the Kerala Public Service Commission. As a solution to the problems being faced by Kerala Public Service Commission to decide the equivalency of qualifications for different posts due to the existence of educational courses with different types and different nomenclature, Government have decided that the Administrative Departments concerned shall ensure that such equivalency of qualifications are declared at Government level and timely modifications/additions regarding qualifications are made in the Special Rules/ Executive orders concerned.

6. In the circumstances all the Administrative Departments are directed to ensure that the equivalency of qualifications to the particular posts included in their Special Rules from time to time are declared, in consultation with the Personnel and Administrative Reforms Department and after seeking the advice of the Kerala Public Service Commission and timely modifications are made in the Special Rules concerned without delay.

K. Ajaya Kumar,
*Secretary to Government.*

To

All Departments/All Sections (including Law and Finance) of Govt. Secretariat

All Additional Chief Secretaries/Principal Secretaries/Secretaries/Special Secretaries/Additional Secretaries/Joint Secretaries/Deputy Secretaries/ Under Secretaries to Government

The Principal Accountant General (Audit), Kerala, Thiruvananthapuram (with C.L.).

The Accountant General (A& E), Kerala, Thiruvananthapuram (with C.L.) .

The Advocate General, Kerala, Ernakulam/Thiruvananthapuram Branch (with C.L.).

The Registrar, High Court of Kerala, Ernakulam (with C.L.).

The Secretary, Kerala Public Service Commission, Thiruvananthapuram (with C.L.).

The Secretary, Kerala Legislature Secretariat (with C.L.).

The Secretary, State Information Commission, Thiruvananthapuram (with C.L.).

The Director, Information and Public Relations Department (for wide publicity).

Information and Public Relations (Web and New Media) Department (for uploading in the official website).

Personnel and Administrative Reforms (Adv. A, B, C) Department.

Stock File/Office Copy.

---